വില ₹ 40 (ഒറ്റപ്രതി) | ₹ 400 (വാർഷിക വരിസംഖ്യ)

2021
ജനുവരി

Coirfed

# കയർ വ്യവസായം

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)



## വികസന സ്പർശം: എല്ലാവരിലേക്കും എല്ലായിടത്തും:

**മുഖ്യമന്ത്രി പിണറായി വിജയൻ**

**ബജറ്റ് അവലോകനം:**

## നവകേരളവും നവീന കയർമേഖലയും

ഒരു കേരള സർക്കാർ പൊതുമേഖലാ സ്ഥാപനം



# Coirfed

# വേവുന്ന വേനലിലും
## വിളകൾക്കു തണുവായ്,
## കയർഫെഡിന്റെ കൊക്കോഫെർട്ട്

### കൊക്കോഫെർട്ട്

( ചകിരിച്ചോറിൽ നിന്നും നിർമ്മിക്കുന്ന വളം )

1. ഏത് മണ്ണിലും ഉപയോഗിക്കാം
2. ഈർപ്പം നിലനിർത്താനുള്ള മണ്ണിന്റെശേഷിവർദ്ധിപ്പിക്കുന്നു
3. മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നു
4. പ്രകൃതിദത്തമായ ഹോർമ്മോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്നു
5. പരിസ്ഥിതിക്ക് ഏറെ അനുയോജ്യം
6. മണ്ണിന്റെ സ്വാഭാവികത നിലനിർത്തുകയും കൂടുതൽ വിളവിനു സഹായിക്കുന്ന തരത്തിൽ മണ്ണിനെ പരിപോഷിപ്പിക്കുകയും ചെയ്യുന്നു
7. ലാൻഡ് സ്കേപ്പിംഗ്, ഹോർട്ടികൾച്ചറൽ വിളകൾ, ചട്ടിയിൽ വളർത്തുന്ന സസ്യങ്ങൾ, ഫ്ളവർ ബെഡ് എന്നിവയ്ക്കും ഉപയോഗിക്കാം








Customer Care Number :

0477 2243627






**Call Now : 8281009828,8281009840**

THE KERALA STATE CO-OPERATIVE COIR MARKETING FEDERATION Ltd. P.B.No.4616, Alappuzha,Kerala, India
Tel: 0477 2243627, 2243628 , 2243629 www.coirfed.com www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed@gmail.com

namasteads.com

കയർ
വ്യവസായം

# ഉള്ളടക്കം

**Vol-4, No.-6**
Established in 1998
Founder Chief Editor:
**Anathalavattom Anandan**

*Chief Editor:*
**Adv. N. Saikumar**

*Editorial Board*
**Joshy Abraham**
**S.L. Sajikumar**
**V.S. Money**
**Rema Madanan**
**C. Sureshkumar**

*Managing Editor*
**B. Sunil**

*Editorial Assistants*
**N.S. Mohandas**
**S. Sheela**
**Rohit Joseph**
**V.N. Sasikumar**
**M. Arunkumar**
**P. Prajeesh**
**S. Saneesh**
**P.V. Venugopal**

*Design & layout*
**Kilikood**
**Ph: 9142142400**
**kilikoodalpy@gmail.com**




**PAGE 06**

Coir Kerala 2021

**കയർ കേരള 2021**
**ഫെബ്രുവരി 16ന് തുടക്കം**

**PAGE 07**




ബജറ്റ് അവലോകനം:
**നവകേരളവും**
**നവീന കയർമേഖലയും**

**PAGE 19**



**വെല്ലുവിളികളെ**
**നേരിടാൻ ഭയക്കുന്ന**
**കേന്ദ്ര ബജറ്റ്**

**PAGE 33**



**കോവിഡ് കാലത്തും**
**കയർഫെഡ്**
**വികസന കുതിപ്പിൽ**

**ലേഖകരുടെ അഭിപ്രായങ്ങൾ**
**കയർഫെഡിന്റേതായിരിക്കണമെന്നില്ല. അവയുടെ**
**ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

ചിത്രങ്ങൾക്ക് വിവിധ വെബ്സൈറ്റുകളോട് കടപ്പാട്

**The Kerala State Co-Operative Coir Marketing Federation Ltd.**
No. 679 (COIRFED), PB No. 4616, Alappuzha - 688012
Tel: 0477 2243627, 2243628, 2243629, 2244109(D). www.coirfed.com
**Email: coirfedho@gmail.com, coirfedprd@gmail.com**



# കയർ വ്യവസായ മേഖലയിലെ സ്പന്ദനങ്ങളറിയാൻ

വായിക്കുക, പ്രചരിപ്പിക്കുക, വരിക്കാരാകുക

Coirfed

കയർ വ്യവസായം

## കയർ വ്യവസായം മാസിക

(ഒരു കയർഫെഡ് പ്രസിദ്ധീകരണം)
വാർഷിക വരിസംഖ്യ – 400 രൂപ
ഒറ്റപ്രതി– 40 രൂപ

| **പരസ്യനിരക്ക്** (സൈസ് ഡമ്മി 1/4) | |
|---|---|
| ബാക്ക് കവർ കളർ | ₹ 20,000 |
| ഫ്രണ്ട് കവർ ഇൻസൈഡ് കളർ | ₹ 15,000 |
| ബാക്ക് കവർ ഇൻസൈഡ് കളർ | ₹ 12,000 |
| സെന്റർ ഫുൾ പേജ് കളർ | ₹ 10,000 |
| സെന്റർ ഹാഫ് പേജ് കളർ | ₹ 6,000 |
| ഇൻസൈഡ് ഫുൾ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 7,500 |
| ഇൻസൈഡ് ഹാഫ് പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 4,000 |
| ഇൻസൈഡ് ക്വാർട്ടർ പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 2,000 |

മാനേജിംഗ് ഡയറക്ടർ, കയർഫെഡ് എന്ന പേരിൽ ആലപ്പുഴയിൽ മാറാവുന്ന ഡി.ഡി, ചെക്ക് ആയി പരസ്യത്തിന്റെ ചാർജ്ജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

മാനേജിംഗ് എഡിറ്റർ, കയർവ്യവസായം, കയർഫെഡ്
പി.ബി. നമ്പർ.4616, ആലപ്പുഴ – 688012
ഫോൺ – 0477 2243628/29





# എഡിറ്റോറിയൽ

എഡിറ്റോറിയൽ

### ഉത്പന്ന വൈവിധ്യത്തിലൂന്നി അഭിമാനകരമായ മുന്നേറ്റം

# കയർഫെഡിന്റെ വിറ്റുവരവ് 50 കോടിയിൽ നിന്ന് 200 കോടിയിലേക്ക്

**ക**യർ പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായിട്ടാണല്ലോ കയർഫെഡ് രൂപീകൃതമാവുന്നത്. രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ നട്ടെല്ലായി പ്രവർത്തിച്ച കയർഫെഡ് അതിന്റെ സ്ഥാപിത ലക്ഷ്യം നിറവേറ്റിക്കൊണ്ട് അഭിമാനകരമായി മുന്നേറുകയാണ്. മുൻകാലങ്ങളിൽ കയർഫെഡിന്റെ ശരാശരി പ്രതിവർഷ വിറ്റുവരവ് അമ്പതുകോടിയിലും താഴെയായിരുന്നെങ്കിൽ അത് ഇക്കൊല്ലം 200 കോടിയോടടുക്കുകയാണ്. നാലിരട്ടിയാണ് വർദ്ധന. സംസ്ഥാന സർക്കാരിന്റെ പരിപൂർണ്ണ പിൻതുണയിൽ, ഇച്ഛാശക്തിയോടെ നാം നടത്തിയ ഉത്പന്നവൈവിധ്യവത്കരണം തന്നെയാണ് ഈ മുന്നേറ്റത്തിന് ആധാരം. പരമ്പരാഗത കയർ ഉത്പന്നങ്ങളുടെ നിർമ്മാണത്തിലെ ഊന്നൽ തെല്ലും കുറയ്ക്കാതെ തന്നെയാണ് ഇതര കയർ അധിഷ്ഠിത ഉത്പന്നങ്ങളിലേക്ക് കടക്കാൻ നാം തീരുമാനിച്ചത്.

നിലവിലെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങളെ യാഥാർത്ഥ്യ ബോധത്തോടെ വിലയിരുത്തിക്കൊണ്ട് നാം നടത്തിയ നീക്കങ്ങളെല്ലാം ഇപ്പോൾ വിജയവഴിയിൽ സഞ്ചരിക്കുകയാണ്. കണിച്ചുകുളങ്ങരയിലെ കയർ ബൈൻഡർലെസ് ബോർഡ് ഫാക്ടറി, ജൈവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള ഇനോക്കുലേറ്റ് പിത്ത് നിർമ്മാണം, കൊക്കോ ഫെർട്ട് എന്ന ചകിരിച്ചോർ അധിഷ്ഠിത ജൈവവള നിർമ്മാണവും പിത്ത് ബ്രിക്കറ്റ് നിർമ്മാണവും, കുട്ടിച്ചകിരിയും സ്വാഭാവിക റബ്ബർ മിശ്രിതവും ഉപയോഗിച്ച് നിർമ്മിക്കുന്ന കയർ മൾച്ചിംഗ് മാറ്റ് നിർമ്മാണം എന്നിവയെല്ലാം ഇതിന് ഉദാഹരണങ്ങളാണ്.

കയർ മേഖലയാകെ അഭൂതപൂർവ്വമായ മുന്നേറ്റം കൈവരിക്കുന്ന ഘട്ടത്തിൽ 2021 ഫെബ്രുവരി 16 മുതൽ 21 വരെ വെർചൽ ആയി നടക്കുന്ന കയർ മേള നൂതനമായ അനുഭവമായി മാറും. വെർചൽ ആയി നടത്തുന്നതുകൊണ്ട് തന്നെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയറ്റുമതിക്കാർക്കുമെല്ലാം യഥേഷ്ടം അവരുടെ സ്റ്റാളുകൾ രജിസ്റ്റർ ചെയ്യാൻ കഴിയും. ലോകത്തെമ്പാടുമുള്ള ആളുകൾക്ക് സ്റ്റാളുകൾ സന്ദർശിച്ച് ഉത്പന്നങ്ങൾ വാങ്ങുന്നതിന് കരാറിലേർപ്പെടാൻ കഴിയും. ലോകത്തിന്റെ പലഭാഗങ്ങളിലിരുന്നുകൊണ്ട് സാങ്കേതിക വിദഗ്ധൻമാർക്കും അക്കാദമിക പണ്ഡിതൻമാർക്കും സെമിനാറുകളിൽ സംബന്ധിക്കുവാൻ കഴിയും. ചുരുക്കത്തിൽ ഏറ്റവും കൂടുതലാളുകളുടെ പങ്കാളിത്തമുള്ള മേളയായി ഇതു മാറാൻ പോവുകയാണ്. കയർ വ്യവസായത്തിന്റെ പുരോഗതിയിലും മുന്നേറ്റത്തിലും ഒരു നാഴികക്കല്ലാകാൻ പോകുന്ന കയർ മേളയുടെ സംഘാടനത്തിന്റെ ഒരുക്കങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന വിവരം കൂടി ഇത്തരുണത്തിൽ എല്ലാവരെയും അറിയിച്ചുകൊണ്ടും എല്ലാവരുടേയും സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ടും നിർത്തുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിലും എല്ലാവർക്കും പുതുവത്സരാശംസകൾ നേരുന്നു.

**അഡ്വ. എൻ.സായികുമാർ**
ചീഫ് എഡിറ്റർ


# കയർ കേരള 2021 ഫെബ്രുവരി 16ന് തുടക്കം

ചരിത്രത്തിലെ ആദ്യ അന്തർദേശീയ വിർചൽ വിപണനമേളയായ കയർ കേരള 2021 ഫെബ്രുവരി 16 രാവിലെ 11.30ന് തുടക്കമാകും. കേരളത്തിലെ കയറുത്പന്നങ്ങൾക്ക് കൂടുതൽ കൂടുതൽ അന്തർ ദേശീയ വിപണി കണ്ടെത്താനും കയറുത്പാദനമേഖലയിൽ ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് നടത്തുന്ന ഈ മഹാവിപണനമേളയുടെ ഒമ്പതാം പതിപ്പ് മുഖ്യ മന്ത്രി പിണറായി വിജയനാണ് ഉദ്ഘാടനം ചെയ്യുന്നത്.

ധനകയർമന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് അധ്യക്ഷനാകും. മന്ത്രിമാരായ ജി. സുധാകരൻ, പി. തിലോത്തമൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, ആലപ്പുഴ എം.പി എ.എം. ആരീഫ് എന്നിവർ പങ്കെടുക്കും. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കയർ മെഷീൻ മാനുഫാക്ചറിംഗ് കമ്പനി, ഫോംമാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡ്, എൻ.സി.ആർ.എം.ഐ, കേരള സ്റ്റേറ്റ് കയർ തൊഴിലാളി ക്ഷേ മനിധി ബോർഡ്, എഫ്.ഐ.സി.സി.ഐ എന്നിവയുടെ സഹകരണത്തോടെ കയർ വികസനവകുപ്പാണ് ഈ മഹാമേള സംഘടിപ്പിക്കുന്നത്. കയറിന്റെയും മറ്റ് പ്രകൃതിദത്ത നാരുകളുംകൊണ്ട് നിർമ്മിച്ച ഉത്പന്നങ്ങളുടെയും പ്രദർശനത്തോടൊപ്പം സമ്മേളനങ്ങൾ, വെബിനാറുകൾ, കലാ പരിപാടികൾ എന്നിവയും കയർ കേരളയിൽ സംഘടിപ്പി ച്ചിട്ടുണ്ട്.



ഉദ്ഘാടനദിനം ഉച്ചകഴിഞ്ഞ് 2.30ന് കയർ സൊസൈറ്റി കൾക്കും കയർ തൊഴിലാളികൾക്കുമുള്ള ഫണ്ട് വിതരണം നടക്കും. രണ്ടാം ദിനം രാവിലെ സഹകരണ സംഘങ്ങളെ ക്കുറിച്ചുള്ള സെമിനാർ നടക്കും. മൂന്നും നാലും അഞ്ചും ദിനങ്ങളിലായി വിവിധ വെബിനാറുകൾ, സമ്മേളന ങ്ങൾ തുടങ്ങിയ സംഘടിപ്പിച്ചിട്ടുണ്ട്. എല്ലാദിവസവും വൈകുന്നേരം 6.30ന് ഓൺ ലൈനായി കലാപരിപാടിക ളും കയർ കേരള 2021ന്റെ ഭാഗമായി നടക്കും.



ബജറ്റ് അവലോകനം



# നവകേരളവും നവീന കയർമേഖലയും

**പി.വി. വേണുഗോപാൽ**

**പൊ**ന്നുരുക്കുന്നിടത്ത് പൂച്ചക്കെന്ത് കാര്യമെന്ന സമീപനമാണ് നാം പൊതുവെ ബജറ്റ് വായനയെക്കുറിച്ചും ബജറ്റ് ചർച്ചകളെക്കുറിച്ചും പുലർത്തിവരുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം അതികഠിനമായ സാങ്കേതിക പദങ്ങളും വായിൽ കൊള്ളാത്തത്ര വലിയ സംഖ്യകൾ കൊണ്ടുള്ള ഒരു അമ്മാന ആട്ടമാണത്. പക്ഷേ, നമ്മുടെ ജീവിതത്തെ രൂപപ്പെടുത്തുകയും നിയന്ത്രിക്കുകയും ചെയ്യാൻ തക്കവണ്ണം അതിശക്തമായ ഒരു രേഖയാണെതെന്നും അതുകൊണ്ട് തന്നെ തലനാരിഴ കീറി നാം അത് പരിശോധിക്കേണ്ടതുണ്ടെന്നതുമാണ് വസ്തുത.

### ബജറ്റിന്റെ സമീപനങ്ങൾ

ഒരു രാജ്യത്തിന്റെയോ ഒരു സംസ്ഥാനത്തിന്റെയോ വാർഷിക വരവ് ചെലവുകളെ സംബന്ധിക്കുന്ന ഒരു ഏകദേശ കണക്കാണെന്ന് ഒറ്റവാചകത്തിൽ നമുക്ക് ബജറ്റിനെ നിർവചിക്കാം. ബജറ്റുകൾക്ക് പൊതുവിൽ രണ്ടു സമീപനങ്ങളാണ് ഉള്ളത്. ഒന്ന് ക്ഷേമത്തിനും ആനുകൂല്യങ്ങൾക്കും പ്രാധാന്യം നൽകുന്നവ, മറ്റൊന്ന് സാമ്പത്തിക വളർച്ച മാത്രം ലക്ഷ്യമാക്കുന്നവ.

നമ്മുടെ സംസ്ഥാനത്ത് കാലാകാലങ്ങളായി ക്ഷേമ ബജറ്റുകളാണ് അവതരിപ്പിച്ചു വരുന്നത്. എന്നുവെച്ചാൽ നമ്മുടെ വാർഷിക വരവിന്റെ ഗണ്യമായ പങ്ക് ക്ഷേമപ്രവർത്തനങ്ങൾ, പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണം തുടങ്ങിയവക്കായി മാറ്റിവെക്കുന്നു മറ്റു ചില സംസ്ഥാനങ്ങളാകട്ടെ തങ്ങളുടെ വരവ് ക്ഷേമപദ്ധതികൾക്കല്ല മറിച്ച് സാമ്പത്തിക വളർച്ചക്കായി മാത്രമാണ് ചെലവഴിക്കുന്നത്. ഇതിൽ ഏതാണ് നല്ലത് എന്ന ചോദ്യത്തിന് രണ്ടും ഒരേ സമയം നല്ലതും ചീത്തയുമാണ് എന്നേ മറുപടി പറയാൻ കഴിയൂ. കാരണം പലപ്പോഴും സാമ്പത്തിക വളർച്ച മാത്രം ലക്ഷ്യം വെക്കുന്നവർ ക്ഷേമപ്രവർത്തനങ്ങൾ അവഗണിക്കുന്നു. ക്ഷേമ പ്രവർത്തനങ്ങൾ ലക്ഷ്യംവെക്കുന്നവർക്കാകട്ടെ സാമ്പത്തിക വളർച്ചക്കായി നീക്കിവെക്കാൻ പണം കുറവുമായിരിക്കും. അതുകൊണ്ടാണ് ഇവ രണ്ടും നല്ലതും അതേസമയം തന്നെ ചീത്തയും ആണെന്ന് പറയേണ്ടിവരുന്നത്.

ക്ഷേമപ്രവർത്തനങ്ങളെ തിരിഞ്ഞുനോക്കാതെ സാമ്പത്തിക വളർച്ച മാത്രം ലക്ഷ്യം വെക്കുകയും അങ്ങനെ ഉത്പാദിപ്പിക്കപ്പെടുന്ന സമ്പത്ത് ഏതാനും ചില ആളുകളിലും ചില മേഖലകളിലും മാത്രം കുമിഞ്ഞു കൂടുകയും ചെയ്യുന്ന പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളുടേയും അനുഭവം നമുക്കറിയാം. അവിടങ്ങളിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും അരപട്ടിണിയിലും മുഴു പട്ടിണിയിലും കഴിയുന്നു. അവർക്ക് ഭൂമിയില്ല, വീടില്ല, ശരിയായ വിദ്യാഭ്യാസം ലഭിക്കുന്നില്ല, വേണ്ടത്ര ചികിത്സ കിട്ടുന്നില്ല, എന്തിനേറെ കക്കൂസ്

പോലുമില്ല. ഈ ദരിദ്ര നാരായണന്മാരുടെ എണ്ണം ഒരു വശത്ത് ദിനംതോറും വർദ്ധിക്കുമ്പോൾ മറുഭാഗത്ത് വികസനത്തിന്റെ പേരിൽ ജനങ്ങളേയും പ്രകൃതി വിഭവങ്ങളേയും നീചമായി കൊള്ളയടിച്ച് ഒരുപറ്റം അതീവ സമ്പന്നർ നാട്ടുരാജക്കന്മാരായി വിലസുകയും ചെയ്യുന്നു. ഇങ്ങനെയൊക്കെ നാം അവരെ വിമർശിക്കുമ്പോൾ അവരും ചിലതൊക്കെ നമ്മളോട് തിരിച്ചു ചോദിക്കുന്നുണ്ട്. നിങ്ങൾക്ക് മികച്ച വിദ്യാഭ്യാസ സംവിധാനം ഉണ്ടെന്നത് ശരിതന്നെ, പക്ഷെ ആ സംവിധാനത്തിൽ ഉന്നത വിദ്യാഭ്യാസം നേടിയ ചെറുപ്പക്കാർ നിങ്ങളുടെ നാട്ടിൽത്തന്നെ ഉണ്ടോയെന്നാണ് ഒരു ചോദ്യം. അവരുടെ ഉന്നതമായ വിദ്യാഭ്യാസത്തിനും കഴിവിനും അനുസൃതമായ ജോലികൾ കൊടുക്കാൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ എന്നാണ് മറ്റൊരു ചോദ്യം. ആത്മാർത്ഥമായി പരിശോധിച്ചാൽ ഇല്ല എന്നേ ഉത്തരം നമുക്ക് നൽകാൻ കഴിയൂ.

നമ്മുടെ ചെറുപ്പക്കാർ ഡൽഹിയിലും മുംബൈയിലും ബാംഗ്ലൂരിലും ഗൾഫിലും യൂറോപ്പിലും ഒക്കെ ജോലി തേടി അലയുകയോ ജോലി ചെയ്യുകയോ ആണെന്ന് ജാള്യത്തോടെ നമുക്ക് മറുപടി പറയേണ്ടി വരുന്നു. ലോകമാകെ പശ്ചാത്തല സൗകര്യങ്ങൾ അതിവേഗം വികസിക്കുമ്പോൾ, അന്തർദേശീയ നിലവാരമുള്ള റോഡുകൾ അടക്കമുള്ള സൗകര്യങ്ങൾ ഒരുക്കാൻ, ഹൈടെക് സിറ്റി ഒരുക്കാൻ, ആധുനിക വ്യവസായ പാർക്കുകൾ ഒരു ക്കാൻ നിങ്ങളുടെ ഖജനാവിൽ പണം ഉണ്ടോയെന്ന് അവർ വീണ്ടും ചോദിക്കുന്നു, അതിനും ഇല്ല എന്ന് ഉത്തരമേ നമുക്ക് നൽകാൻ കഴിയൂ.

## 2021–ലെ ബജറ്റിന്റെ പ്രസക്തി

ഉത്തരം മുട്ടിക്കുന്ന ഈ ചോദ്യങ്ങൾക്ക് യാഥാർത്ഥ്യബോധത്തോടെയുള്ള മറുപടിയാണ് ധനമന്ത്രി ഡോ. തോമസ് ഐസക് അവതരിപ്പിച്ച 2021 ലെ ബജറ്റ്.

പ്രകൃതിവിഭവങ്ങളെ നീചമായി കൊള്ളയടിക്കാതെ ദ്രുതഗതിയിൽ സാമ്പത്തിക വളർച്ച കൈവരിക്കാനും അങ്ങനെ ഉത്പാദിപ്പിക്കപ്പെടുന്ന സമ്പത്ത് ഏതെങ്കിലും വ്യക്തികളിലോ, ഏതെങ്കിലും പ്രദേശത്തോ, ഏതെങ്കിലും മേഖലയിൽ മാത്രമോ കുമിഞ്ഞുകൂടാതെ സമൂഹത്തിലെ ബഹുഭൂരിപക്ഷത്തിന്, പ്രത്യേകിച്ച് പാർശ്വവത്കൃതരുടെ ക്ഷേമൈശ്വര്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നു എന്നതാണ് ഈ ബജറ്റിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നത്. അദാനിയും അംബാനിയും പോലെയുള്ള കുത്തകകളുടെ താത്പര്യങ്ങൾ സാധാരണക്കാരുടെ മേൽ പ്രത്യക്ഷമായിത്തന്നെ അടിച്ചേൽപ്പിക്കുന്ന ഒരു കേന്ദ്രസർക്കാരിന്റെ കീഴിൽ ഈ നിലപാട് എങ്ങനെ പ്രായോഗികമാക്കാമെന്നുള്ള വെല്ലുവിളിയാണ് യഥാർത്ഥത്തിൽ ഈ ബജറ്റ് വിജയകരമായി ഏറ്റെടുത്തിരിക്കുന്നത്. എങ്ങനെയാണ് ഇത് സാധ്യമാകുന്നതെന്ന് ഒന്ന് വേഗത്തിൽ പരിശോധിക്കാം.

## ബജറ്റിലെ ബദൽ മാർഗങ്ങൾ

ആധുനിക ശാസ്ത്രസാങ്കേതിക വിദ്യകളെ ഉത്പാദന പ്രവർത്തനങ്ങളുമായി ജനകീയമായി സംയോജിപ്പിക്കുക എന്നതാണ് ആദ്യപടി. കേരളത്തിന്റെ തൊഴിൽശക്തിയെ പ്രത്യേകിച്ച്, ആകെയുള്ളതിന്റെ 75 ശതമാനവും തൊഴിൽ രഹിതരായിരിക്കുന്ന വനിതാ തൊഴിൽ ശക്തിയെ കെട്ടഴിച്ചുവിട്ട് ഉത്പാദന പ്രക്രിയയുമായി കണ്ണിചേർക്കുക എന്നതാണ് മറ്റൊരു പരിപാടി. സാമ്പത്തിക വളർച്ചയ്ക്ക് അനുഗുണമാകുന്ന പുത്തൻ ആശയങ്ങൾ (ഇന്നവേഷൻസ്) കണ്ടെത്തി അവയെ സാങ്കേതികവിദ്യകളായി, പ്രക്രിയകളായി (പ്രോസസ്), സംഘാടനമായി, ഉത്പന്നമായി മാറ്റുക എന്നതാണ് വേറൊരു പരിപാടി, ഇത്തരം നൂതന ആശയങ്ങളുടെ ബലമുള്ള അടിത്തറയിൽ ഉയർന്നു വരുന്ന സ്റ്റാർട്ട്-അപ്പുകളെ കൃഷ്ണമണിപോലെ കാത്തു സൂക്ഷിച്ചു വളർത്തിയെടുക്കുക എന്നതാണ് മറ്റൊരു നടപടി.

ഇതിനെ യെല്ലാം പിന്തുണയ്ക്കുന്നവിധം പൊതുപശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു നടപടി. ഇവയൊക്കെ സാംശീകരിക്കാനും അനുദിനം വൈദഗ്ധ്യം ആർജ്ജിക്കാനും കഴിയുന്ന ഒരു വൈജ്ഞാനിക സമൂഹമായി കേരള ജനതയെ മാറ്റിത്തീർക്കുക എന്നതാണ് ഈ ബജറ്റിന്റെ മർമ്മ പ്രധാനമായ ലക്ഷ്യം.

സാങ്കേതികവിദ്യ, തൊഴിൽശക്തി, ഇന്നവേഷൻ, ഡിജിറ്റൽ, വിർച്ചൽ തുടങ്ങിയ പദങ്ങൾ കേട്ട് മുഖം തിരിക്കേണ്ട, ഈ പദങ്ങളൊക്കെ നിങ്ങളുടെ ജീവിതത്തിൽ ഇടപെട്ട് അത്ഭുതങ്ങൾ കൊണ്ടു വന്നുതുടങ്ങിക്കഴിഞ്ഞു എന്നതാണ് സത്യം.

## കയർ മേഖലയിൽ അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന ബജറ്റ്

ഈ ബജറ്റിൽ കയർമേഖലക്കായി മാറ്റി വെച്ചിട്ടുള്ളത് 112 കോടി രൂപയാണ്. അതിൽ തന്നെ 41 കോടി യന്ത്രവത്ക്കരണത്തിനാണ്. രണ്ടാം കയർ പുനഃസംഘടനക്കായി ഇതുവരെ ചെലവാക്കിയ മൂലധനത്തോടൊപ്പം ഈ പണവും കൂടിച്ചേരുമ്പോൾ കയർമേഖലയിൽ 4,000 കയർപിരി മില്ലുകളും 300 ചകിരി മില്ലുകളും 200 ഓട്ടോമാറ്റിക് ലൂമുകളും യാഥാർഥ്യമാകും. കാലാകാലങ്ങളായി മനുഷ്യാധ്വാനം മാത്രം ഉപയോഗിച്ച് വന്നിരുന്ന കയർമേഖലയിൽ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകളെ സംയോജിപ്പിക്കുക ആണ് ഇതിലൂടെ ചെയ്യുന്നത്. എന്താണ് ഇതിന്റെ ഗുണഫലം? ഒന്നാമത്തേത് തൊഴിലാളികളുടെ ശാരീരിക അധ്വാനത്തെ പരമാവധി കുറയ്ക്കുന്നു എന്നതാണ്. അവിടെയും ഒരു പ്രത്യേകതയുണ്ട്. ഇന്നലെവരെ നാം ശാരീരികാധ്വാനം കുറച്ചപ്പോൾ നാം പിരിക്കുന്ന കയറിന്റെ അളവും കുറഞ്ഞിരുന്നു.

അതിന്റെ ഫലമായി നമ്മുടെ വരുമാനവും കുറഞ്ഞിരുന്നു. എന്നാൽ രണ്ടാം കയർ പുനഃസംഘടനയുടെ ഭാഗമായി ശാസ്ത്രസാങ്കേതിക വിദ്യകളെ ജനകീയമായി നമ്മുടെ തൊഴിലിടത്തിൽ സംയോജിപ്പിച്ചപ്പോൾ ഫലം നേർവിപരീതമായി എന്നതാണ് അനുഭവം. അതായത് പരമ്പരാഗത റാട്ടിൽ പകലന്തിയോളം എല്ലുമുറിയെ പണിത കാലത്ത് ശരാശരി ഗുണമേന്മ മാത്രമുള്ള അഞ്ച് കിലോ കയറാണ് നാം പരമാവധി ഒരു ദിവസം ഉത്പാദിപ്പിച്ചിരുന്നത്. നേരെ മറിച്ച് ഇന്ന് ആറേഴു മണിക്കൂർ യന്ത്ര സഹായത്തോടെ ജോലി ചെയ്യുമ്പോൾ ഗുണമേന്മ കൂടിയ 40- 60 കിലോഗ്രാം കയറാണ് നാം ഉത്പാദിപ്പിക്കുന്നത്.

ഇൻകം സപ്പോർട്ട് കൂടി 300- 350 രൂപ കൂലി വാങ്ങിയ നാം ഇന്ന് ഒരു സപ്പോർട്ടുമില്ലാതെ തന്നെ 500 രൂപ കൂലി വാങ്ങാൻ പ്രാപ്തരായിരിക്കുന്നു. നോക്കൂ, ഒരുകാലത്ത് തൊഴിൽ നഷ്ടപ്പെടുത്തലിന്റെ ചിഹ്നമായി

രുന്നു യന്ത്രങ്ങൾ ഇന്ന് തൊഴിൽ നഷ്ടപ്പെടുത്തുന്നില്ല എന്നുമാത്രമല്ല താരതമ്യേന അദ്ധ്വാനം കുറയ്ക്കാനും ഉയർന്ന കൂലി വാങ്ങാനും നമ്മെ സഹായിക്കുന്നു. മാത്രമല്ല പതിനായിരത്തോളം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകളെ നമ്മുടെ തൊഴിലിടത്തിൽ ജനോപകാരപ്രദമായി ഉപയോഗപ്പെടുത്തിയതിന്റെ സദ്ഫലമാണിത്. കയർമേഖലയിൽ പുതിയതായി ഉയർന്നു വരുന്ന 10,000 തൊഴിലവസരങ്ങളിലേക്ക് കടന്നു വരുന്നത് ആരായിരിക്കും? 99.99 ശതമാനവും തൊഴിൽരഹിതരായ സ്ത്രീകളായിരിക്കും. നോക്കൂ, എങ്ങനെയാണ് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും അതിലേക്ക് നമ്മുടെ തൊഴിൽ ശക്തിയെ ഈ ബജറ്റ് കെട്ടഴിച്ചു വിടുകയും ചെയ്യുന്നതെന്ന്.


## ഇന്നവേഷൻസ് അഥവാ നൂതനാശയങ്ങൾ

കയർ മേഖലയുമായി ബന്ധപ്പെട്ട അതിപ്രധാനമായ ഒരു ബജറ്റ് പ്രഖ്യാപനമാണ് കണിച്ചുകുളങ്ങരയിലെ കയർ ബെൻഡർലെസ് ബോർഡ് ഫാക്ടറി. നമുക്ക് അറിയാവുന്നതു പോലെ മരപ്പലകയ്ക്ക് പകരക്കാരനാണ് ഈ ഉത്പന്നം. പരിസ്ഥിതി നാശവും തന്മൂലമുള്ള കാലാവസ്ഥാ വ്യതിയാനവും കനത്ത ഭീഷണി ഉയർത്തുന്ന സംസ്ഥാനമാണ് നമ്മുടേത്. ആ സാഹചര്യത്തിൽ പെരുകി വരുന്ന ജനസംഖ്യയുടെ, പെരുകിവരുന്ന ആവശ്യങ്ങൾക്കായി മരങ്ങൾ വെട്ടി മരപ്പലകകൾ ഉണ്ടാക്കിയാലോ? കാടും മുടിയും, നാടും മുടിയും. സ്വന്തം ജീവന്റെ കടയ്ക്കൽ കത്തി വെക്കുന്നതിന് തുല്യമായിരിക്കും അത്. ഈ സ്ഥിതിക്ക് ചെറുതായെങ്കിലും മാറ്റം വരുത്തണമെന്ന ചിന്തയിൽ നിന്നാണ് കയർ ബെൻഡർലെസ് ബോർഡ് എന്ന പുതുപുത്തൻ ആശയത്തിന്റെ (ഇന്നവേഷൻ) പിറവി.

നമ്മുടെ സംസ്ഥാനത്ത് ഏകദേശം 450 കോടി തൊണ്ട് പ്രതിവർഷം ലഭ്യമാകുന്നുണ്ടെന്നാണ് കണക്ക്. ഇതിൽ 25 കോടി നാം ചകിരി ഉത്പാദത്തിന് ഉപയോഗിക്കുന്നു. മറ്റൊരു 25 കോടി അയൽ സംസ്ഥാനക്കാർ വാങ്ങിക്കൊണ്ടു പോകുന്നു. ബാക്കി 450 കോടി തൊണ്ടോ? അവ വെറുതേ കിടന്ന് നശിക്കുകയാണ്. ഈ തൊണ്ട് ഉണക്കി പൊടിച്ച് ഉന്നത ഊഷ്മാവിൽ ചൂടാക്കി പരത്തിയെടുക്കുമ്പോൾ തൊണ്ടിൽ അടങ്ങിയിരിക്കുന്ന ലിഗിനന്റ് എന്ന ഘടകം ഉരുകി പശയായി തൊണ്ടു പൊടിയെ പലകകൾ ആക്കി മാറ്റുന്നു. പ്ലൈവുഡും മറ്റും നിർമ്മിക്കാൻ ഇപ്പോൾ നാം ഉപയോഗിക്കുന്നത് റസിൻ എന്നൊരു രാസവസ്തുവാണ്. ബൻഡർ ലെസ് ബോർഡുകളിൽ ലിഗിനെന്റ് ആ ധർമ്മം നിറവേറ്റുമ്പോൾ അത് തികച്ചും പരിസ്ഥിതി സൗഹൃദമായ ഒരു ഉത്പന്നമായി മാറുന്നു.

തൊണ്ടിൽ നിന്നും പലക എന്നത് രണ്ടുവർഷം മുമ്പുവരെ ഒരു നൂതന ആശയം (ഇന്നവേഷൻ) മാത്രമായിരുന്നു എന്നാൽ ഇപ്പോൾ ഇതിന്റെ പ്രാഥമിക തലത്തിലുള്ള പ്ലാന്റ് നൂറുദിന പരിപാടിയുടെ ഭാഗമായി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന നിലയിലായി. ഏതാനും നാളുകൾകൂടി കഴിഞ്ഞാൽ വാണിജ്യാടിസ്ഥാനത്തിൽ ആർക്കും ലാഭകരമായി ഉപയോഗിക്കാൻ കഴിയുന്ന ഒരു സാങ്കേതിക വിദ്യയായി അത് മാറും. എന്താണ് അതിന്റെ ഗുണം? ഇപ്പോൾ പ്ലൈവുഡിനും മറ്റും കൊടുക്കുന്ന വിലയുടെ നേർ പകുതി വിലക്ക്, ഒരുപക്ഷേ നാലിലൊന്ന് വിലക്ക് വാങ്ങി നമുക്ക് ഉപയോഗിക്കാം എന്നതാണ് ഒരു ഗുണം. മരം വെട്ടൽ കുറയുന്നു, അതേസമയം നമ്മുടെ ആവശ്യത്തിനുള്ള മരപ്പലകകൾ നമുക്ക് ലഭിക്കുകയും ചെയ്യുന്നു എന്നതാണ് മറ്റൊരു ഗുണം. പരിസ്ഥിതി നാശം കുറയുന്നതോടെ നാടിനാകെ ഒരു പൊതു ഉന്മേഷം കൈവരുന്നു എന്നത് മറ്റൊരു ഗുണം. ഇതിനെയെല്ലാം കടത്തിവെട്ടുന്ന മറ്റൊരു ഗുണമുണ്ട്. ഇന്നലെവരെ വെറുതെ നശിച്ചു പോയിരുന്ന തൊണ്ട് ഒന്നിന് ഏറ്റവുംകുറഞ്ഞത് ഒരു രൂപയെങ്കിലുംവെച്ച് കയർ ബെൻഡർലെസ് ബോർഡിന്റെ അസംസ്കൃത വസ്തു എന്ന നിലയിൽ നാളികേര കർഷകർക്ക് ലഭിക്കുന്നു വെന്നതാണത്. നോക്കൂ, ഇന്നലെ വരെ വെറുതെ നശിച്ചുകൊണ്ടിരുന്ന 450 കോടി തൊണ്ടുകൾ 450 കോടി രൂപയായി നമ്മുടെ പാവപ്പെട്ട നാളികേര കർഷകരുടെ പക്കലെത്തുന്നു. ഇതാണ് ഇന്നവേഷന്റെ ശക്തിയും പ്രസക്തിയും. ഇത്തരം ആശയങ്ങളെ കൈമെയ് മറന്ന് സഹായിക്കുമെന്നാണ്





ബജറ്റിലൂടെ ധനമന്ത്രി കേരളത്തിന് ഉറപ്പു നൽകിയത്.

## ഡിജിറ്റൽ – വിർച്വൽ ലോകങ്ങൾ

കഴിഞ്ഞവർഷം ഉത്പാദിപ്പിച്ച ഇരുപതിനായിരം ടൺ കയറിനു പകരം ഇത്തവണ നാം ഉത്പാദിപ്പിക്കുന്നത് 40,000 ടൺ ആണ്. ഏതാണ്ട് ഇരട്ടിയോളം. ഈ കോവിഡ് കാലത്ത് ഇതെങ്ങനെ നാം വിറ്റഴിക്കും? കഴിഞ്ഞ കയർ കേരളയിൽ നമ്മുടെ ഉത്പന്നങ്ങൾക്ക് 300 കോടി രൂപയുടെ ഓർഡറാണ് ലഭിച്ചത്. ഇതിൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള നൂറുകോടിയുടെ ഭൂവസ്ത്ര ഓർഡറും മറ്റുസംസ്ഥാനങ്ങളിൽനിന്നുള്ള ഓർഡറുകളും ഉൾപ്പെടും. കോവിഡ് കാലത്ത് പഴയതുപോലെ കയർ കേരള നടത്തുന്നതിനെപ്പറ്റി ചിന്തിക്കാനേ ആവില്ല. അപ്പോൾപ്പിന്നെ നാം അധ്വാനിച്ച് ഉണ്ടാക്കിയ ഉത്പന്നങ്ങൾക്ക് എങ്ങനെ വിപണി കണ്ടെത്തും. ഈ പ്രതിസന്ധിയെ ഡിജിറ്റലായി പരിഹരിക്കാനുള്ള പോംവഴിയാണ് ധനമന്ത്രി ബജറ്റിൽ പറഞ്ഞ വിർചൽ കയർ കേരള. സാധാരണപോലെ ഈ മേളയിലും രജിസ്റ്റർ ചെയ്യുന്ന കയറ്റുമതിക്കാർക്ക് എല്ലാം അവരുടെ സ്റ്റാളുകളുണ്ടാവും. ഉത്പന്നങ്ങൾ വാങ്ങാൻ ആഗ്രഹിക്കുന്ന സ്വദേശി-വിദേശി വാണിജ്യ കമ്പനികൾക്ക് സ്റ്റാളുകൾ സന്ദർശിച്ച് വിലപേശി ഉത്പന്നങ്ങൾ വാങ്ങാനുള്ള സൗകര്യവും ഉണ്ടാവും. ഉത്പന്നങ്ങളുടെ ഫോട്ടോയോ ത്രീഡി ഡിസൈനോ ഡിസ്പ്ലേ ഷെൽഫുകളിൽ വിൽപ്പനക്കാരൻ ആകർഷകമായി പ്രദർശിപ്പിക്കും. വാങ്ങാൻ ആഗ്രഹിക്കുന്നവർക്ക് സ്വദേശത്തോ വിദേശത്തോ ഇരുന്ന് അതാത് ഉത്പന്നങ്ങളിൽ ക്ലിക്ക് ചെയ്ത് അതിന്റെ വിലയും മറ്റ് വിശദാംശങ്ങളും അറിയാൻ കഴിയും. ബ്രോഷറും മറ്റും ഡൗൺലോഡ് ചെയ്യാനും കഴിയും. മാത്രമല്ല വിൽക്കുന്ന ആളിനും വാങ്ങുന്ന ആളിനും തികച്ചും സ്വകാര്യവും സുരക്ഷിതവുമായി വീഡിയോയിലുടെ മുഖാമുഖം സംസാരിച്ച് കച്ചവടം ഉറപ്പിക്കാനും കഴിയും. സാധാരണ കയർമേളകളിൽ എന്ന പോലെ വിവിധ സമ്മേളനങ്ങളും വെബിനാർ രൂപത്തിൽ ഈ കയർ കേരളയിലും ഉണ്ടാകും.


ഭൂവസ്ത്രവുമായി ബന്ധപ്പെട്ട വെബിനാറിൽ അടുത്ത വർഷത്തേക്കുള്ള ഓർഡർ ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകും. അന്താരാഷ്ട്ര കയർ മേളയുടെ ജനകീയമുഖമായ കലാമേളയും തീർച്ചയായും ഉണ്ടാകും. ആലപ്പുഴയിലെ വിവിധ കേന്ദ്രങ്ങളിൽ വിശാലമായ സ്ക്രീനിൽ ഇവ പ്രദർശിപ്പിക്കും. അതോടൊപ്പം ഫേസ്ബുക്കിലും മറ്റും ലൈവ് പ്രദർശനവും ഉണ്ടാകും. ചുരുക്കത്തിൽ കഴിഞ്ഞ തവണ നിങ്ങൾ കണ്ട കയർ കേരള അതെ രൂപത്തിൽ, അതേ ഭാവത്തിൽ തന്നെ നടപ്പാക്കും ഒരേ ഒരു വ്യത്യാസം അത് ഓൺലൈനിൽ ആയിരിക്കും എന്ന് മാത്രം. ഇതാണ് വിർചൽ കയർ കേരള. ചുരുക്കത്തിൽ നിങ്ങൾ പിരിച്ചെടുത്ത കയറും നെയ്തെടുത്ത കയറുത്പന്നങ്ങളും ലോകമെമ്പാടും വിറ്റഴിക്കാൻ അതിനൂതന സാങ്കേതിക വിദ്യ നിങ്ങളിലേക്ക് എത്തുകയും അതുവഴി നിങ്ങൾ ഡിജിറ്റൽ ലോകത്ത് ജീവിക്കാൻ തുടങ്ങുകയും ചെയ്യുന്നു.

## നാം ഒരു വൈജ്ഞാനിക സമൂഹമായി മാറുന്നു

ഇത്തരം മാറ്റങ്ങൾ കയർമേഖലയിലോ പരമ്പരാഗത വ്യവസായത്തിലോ മാത്രമല്ല കൃഷിയിൽ, കച്ചവടത്തിൽ, വ്യവസായത്തിൽ അങ്ങനെ ജനജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രതിഫലിപ്പിക്കാനുള്ള ശ്രമമാണ് ഈ ബജറ്റിലൂടെ ഡോക്ടർ തോമസ് ഐസക് നടത്തുന്നത്. അതായത് കേരളത്തെ ഒരു ഡിജിറ്റൽ സമൂഹമായി മാറ്റുക എന്നതാണ് ഈ ബജറ്റിന്റെ പരമ പ്രധാനമായ ലക്ഷ്യം. കെ-ഫോണിലൂടെ കുത്തകക്കാരെ ഒഴിവാക്കി തടസമില്ലാതെ ഇന്റർനെറ്റ് സേവനം നമ്മുടെ വീടുകളിൽ ഈ വർഷം തന്നെയെത്തും. സബ്സിഡികളായി, പലിശരഹിത വായ്പകളായി കമ്പ്യൂട്ടറും ലാപ്ടോപ്പും മറ്റും നമ്മുടെ വീടുകളിലേക്ക് എത്തും. നമ്മുടെ കുഞ്ഞുങ്ങൾ ഇപ്പോൾ തന്നെ സ്കൂളുകളിൽനിന്നും ഓൺലൈൻ വൈദഗ്ധ്യം നേടിക്കഴിഞ്ഞിട്ടുണ്ട്.

ഇന്റർനെറ്റ് ഉപയോഗിക്കാനുള്ള നൈപുണ്യം ക്രമേണ നമ്മളും ആർജിക്കും. സമൂഹത്തിലെ പാർശ്വവത്കൃതർക്കാണ് ഇക്കാര്യങ്ങളിൽ ആദ്യം പരിഗണന ലഭിക്കുക എന്നതാണ് ഏറ്റവും പരമപ്രധാനമായ കാര്യം. ഇങ്ങനെ ഓരോ കുടുംബവും ഓരോ വീടും നവ കേരളത്തിൽ, ഡിജിറ്റൽ കേരളത്തിൽ ജീവിച്ചു തുടങ്ങും. ഈ നവകേരള സൃഷ്ടിക്കുള്ള ഉപകരണവും, അതിന്റെ സത്ഫലങ്ങളുടെ ഉപഭോക്താവും നിങ്ങൾ തന്നെയാണ്. അതുകൊണ്ടുതന്നെ നിങ്ങൾ ഈ ബജറ്റ് വായിച്ച് മതിയാകൂ, നിങ്ങൾ ഈ ബജറ്റ് ചർച്ച ചെയ്തേ മതിയാകൂ.

# സംസ്ഥാന ബജറ്റ് ഒറ്റനോട്ടത്തിൽ



- 20 ലക്ഷം പേർക്ക് 5 വർഷം കൊണ്ട് ഡിജിറ്റൽ പ്ലാറ്റ് ഫോം വഴി ജോലി.
- എല്ലാ ക്ഷേമ പെൻഷനും 1600/-രൂപയാക്കും.
- സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണം ഏപ്രിൽ മുതൽ നടപ്പിലാക്കും.
- നീല, വെള്ള കാർഡുകാർക്ക് മാസം 10 കിലോ അരി
- ഭക്ഷ്യകിറ്റ് തുടരും.
- -ലൈഫിൽ ഒന്നര ലക്ഷം വീടു കൂടി. 6000 കോടി മുടക്കും
- ആശ, അങ്കണവാടി പ്രതിഫലം കൂട്ടി.
- തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമ നിധിയും ഉത്സവ ബത്തയും.
- ആശുപത്രിയിൽ ഒ.പിയും, ഫാർമസിയും, ലാബും ഉച്ചയ്ക്ക് ശേഷവും പ്രവർത്തിക്കും.
- അപകടത്തിൽ പരിക്കേൽക്കുന്നവർക്ക് ആദ്യ രണ്ട് ദിവസത്തെ ചികിത്സ സൗജന്യം.
- ഇലക്ട്രിക്കൽ വാഹനത്തിന് 50 ശതമാനം നികുതി ഇളവ്
- കിഫ്ബി വഴിയുള്ള വികസനം മുന്നോട്ട്, 15000 കോടിയുടെ പദ്ധതി പൂർത്തീയാക്കും.
- ദാരിദ്ര നിർമ്മാർജനത്തിന് 7000 കോടി.
- 5000 കോടിയുടെ മൂന്ന് വ്യവസായ ഇടനാഴി.
- സംസ്ഥാനത്തെ വൈജ്ഞാനിക സമൂഹമാക്കാൻ മാർഗ്ഗരേഖ
- പാവപ്പെട്ടവർക്ക് ലാപ്ടോപ്പ് പകുതി വിലയ്ക്ക്.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 1000 കോടി അധികം നൽകും.
- റബ്ബറിന്റെ തറവില 170- രൂപയാക്കി.
- നെല്ലിന് 28 രൂപ, നാളികേരത്തിന് 32 രൂപ.
- ലാപ്ടോപ്പുംഇന്റർനെറ്റുംഎല്ലാവീടുകളിലേക്കും.
- 7500 കോടിയുടെ ഉപജീവന പദ്ധതികൾ
- ആരോഗ്യ മേഖലയിൽ 4000 പുതിയ തസ്തിക
- മെഡിക്കൽ കോളേജുകളുടെ നവീകരണത്തിന് 3222 കോടി
- വയോജനങ്ങൾക്ക് മരുന്നെത്തിക്കാൻ കാരുണ്യ@കോം.
- കോവിഡ് വാക്സിൻ സൗജന്യമായി നൽകും.
- പുതിയ എട്ട് ജലവൈദ്യുത പദ്ധതി.
- കോളേജുകളിൽ 1000 അദ്ധ്യാപക നിയമനം.
- കെ-ഫോൺ ആദ്യഘട്ടം ഫെബ്രുവരിയിൽ - 166 കോടി മുതൽ മുടക്കും
- കെ-ഡിസ്കിന് 200 കോടി
- 20000 പേർക്ക് ജോലി നൽകുന്ന 2500 പുതിയ സ്റ്റാർട്ടപ്പ്
- തൊഴിലുറപ്പു പദ്ധതിയിൽ 3 ലക്ഷം പേർക്ക് കൂടി തൊഴിൽ
- അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്ക് 100 കോടി.
- കൈത്തറിയ്ക്ക് 152 കോടി
- ഭക്ഷ്യ സബ്സിഡിക്ക് 1060 കോടി
- പൊതുമരാമത്ത് പ്രവർത്തികൾക്ക് 10000 കോടി
- കെ.എസ്.ആർ.ടി.സി യ്ക്ക് 1800 കോടി. 3000 സി.എൻ.ജി, എൽ.എൻ.ജി ബസ്സ്
- ശബരി പാതയ്ക്ക് കിഫ്ബിയിൽ നിന്നും 2000 കോടി
- വനിതാ ഘടക പദ്ധതി 1347 കോടി
- കുടുംബശ്രീക്ക് 1749 കോടി
- ദേവസ്വം ബോർഡിന് 150 കോടി
- നാളീകേര കൃഷിയ്ക്ക് 756 കോടി
- വനസംരക്ഷണത്തിന് 200 കോടി
- പ്രവാസി സമാശ്വാസ പദ്ധതി 100 കോടി, പെൻഷൻ 3500
- വിശപ്പുരഹിത കേരളം പദ്ധതി വ്യാപിപ്പിക്കും.
- സർവ്വകലാശാലകൾക്ക് 125 കോടി വീതം
- അടുക്കള സ്മാർട്ടാകും
- 8383 കിലോമീറ്റർ റോഡ് നിർമ്മിക്കും.
- കുടിവെള്ളത്തിന് 300 കോടി
- പൊതുമേഖലയ്ക്ക് 250 കോടി
- ക്യാൻസർ മരുന്നുകൾക്ക് പാർക്ക്
- വനിതാ ശിശുക്ഷേമത്തിന് 901 കോടി

# അതിജീവനത്തിനുള്ള ബദലെന്ന് മുഖ്യമന്ത്രി



പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാനുള്ള കേരളത്തിന്റെ ബദൽ സമീപനമാണ് ഇത്തവണത്തെ സംസ്ഥാന ബജറ്റ് എന്ന മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ഭാവി കേരളത്തിന്റെ വികസന പരിപ്രേക്ഷ്യമാണ് ബജറ്റിൽ പ്രതിഫലിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

2019 ഓടെ സാർവ്വദേശീയ, ദേശീയ തലത്തിൽ വളർച്ച നിരക്കിൽ ഇടിവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെയും അത് സാരമായി ബാധിച്ചു. ആ പ്രതിസന്ധിയെ കോവിഡ് മഹാമാരിയുടെ വരവ് അതി സങ്കീർണ്ണമാക്കി. സാമൂഹിക, സാമ്പത്തിക മേഖലകളെ ശക്തിപ്പെടുത്തി, അതിനെ മുറിച്ചു കടക്കാനുള്ള ശ്രമങ്ങളാണ് സർക്കാർ ഇത്തവണത്തെ ബജറ്റിലൂടെ ലക്ഷ്യം വെയ്ക്കുന്നത്. കേരളത്തെ വിജ്ഞാന സമൂഹമാക്കി മാതൃകാ രൂപത്തിൽ ഉയർത്തുന്നതിനും ബജറ്റ് ലക്ഷ്യമിടുന്നു. ഒരു വർഷം കൊണ്ട് എട്ടുലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പുതിയ തൊഴിൽ സാധ്യതകൾ തുറക്കുന്നതുമാണ് ബജറ്റിലെ നിർദ്ദേശങ്ങൾ.

സാമ്പത്തിക വളർച്ച വീണ്ടെടുത്ത് ശക്തിപ്പെടുത്തുന്നതിനൊപ്പം സാമൂഹ്യ സമത്വത്തിലും ഊന്നൽ നൽകുന്നു എന്നതിലാണ് എൽ.ഡി.എഫ് സർക്കാരിന്റെ സവിശേഷത. കഷ്ടതയനുഭവിക്കുന്ന ജനങ്ങളുടെ ക്ഷേമം ഉറപ്പാക്കാനും നാടിന്റെ സർവ്വോതോൻമുഖമായ പുരോഗതിക്കും വേണ്ട സമഗ്ര പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിൽ വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിക്കുന്നു എന്നതാണ് ഈ സർക്കാരിൽ ജനങ്ങളിൽ വിശ്വാസം വർദ്ധിപ്പിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

സാമ്പത്തിക വളർച്ചയ്ക്കും സാമൂഹ്യസമത്വത്തിനും തുല്യപ്രാധാന്യം നൽകുന്ന ബജറ്റ് ഭാവി കേരളത്തിനുള്ള ശുഭപ്രതീക്ഷയാണ്. മഹാമാരിയുടെ കാലത്തും ജനക്ഷേമ പദ്ധതികൾ മുന്നോട്ട് വെയ്ക്കുന്ന ബദൽ സമീപനങ്ങൾ പുതിയ കാലത്തേയ്ക്കുള്ള വികസന രേഖയാണ് എന്നും അദ്ദേഹം പറഞ്ഞു.

# സർക്കാരിന്റെ ദീർഘവീക്ഷണം: സാമ്പത്തിക തകർച്ചയിൽ നിന്ന് രക്ഷിച്ചെന്ന് ധനമന്ത്രി



സർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള നടപടികൾ സമ്പൂർണ സാമ്പത്തിക തകർച്ചയിൽ നിന്ന് കേരളത്തെ രക്ഷിച്ചതായി ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക്ക് പറഞ്ഞു. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ ശക്തമായ തിരിച്ചുവരവാണ് കേരള സമ്പദ്ഘടനയിലുണ്ടാകുന്നത്. ഇതിനെ ശക്തിപ്പെടുത്തുന്നതും കോവിഡാനന്തര കേരളത്തിനു വഴിയൊരുക്കാനുമാണ് ഈ വർഷത്തെ ബജറ്റ്.

2016-17 മുതലുള്ള നാലു വർഷത്തെ ശരാശരിയെടുത്താൻ ജി.ഡി.പി വളർച്ച 5.9 ശതമാനമാണ്. എന്നാൽ അതിനു മുമ്പുള്ള അഞ്ചു വർഷത്തെ ശരാശരി 4.9 ശതമാനമായിരുന്നു. കോവിഡ് പൊട്ടിപ്പുറപ്പെട്ടപ്പോൾ തന്നെ രാജ്യവും സംസ്ഥാനവും സാമ്പത്തിക മാന്ദ്യത്തിലേക്ക് വഴുതി വീണുകൊണ്ടിരിക്കുകയായിരുന്നു. കോവിഡിനു മുമ്പ് തന്നെ രാജ്യത്തെ ജി.ഡി.പി വളർച്ച 6.12ൽ നിന്ന് 4.18 ശതമാനമായും കേരളത്തിന്റേത് 6.49 ശതമാനത്തിൽ നിന്ന് 3.45 ആയും താഴ്ന്നിരുന്നു.

എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്ക് പ്രകാരം സംസ്ഥാന ആഭ്യന്തര വരുമാനം 8.22 ലക്ഷം കോടി രൂപയാണ്. ഇതുപ്രകാരം 1.56 ലക്ഷം കോടി രൂപയുടെ വരുമാനനഷ്ടം കേരളത്തിനുണ്ടായി. നടപ്പുവിലയിൽ കണക്കാക്കിയാൽ 2019-20നെ അപേക്ഷിച്ച് 3.8 ശതമാനം സംസ്ഥാന വരുമാനം ചുരുങ്ങുമെന്ന് മന്ത്രി പറഞ്ഞു.

കോവിഡ് ലോക്ക്ഡൗണിൽ നിന്നുള്ള കേരളത്തിന്റെ എക്സിറ്റ് സ്ട്രാറ്റജിയാണ് മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടി. വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലായിത്തുടങ്ങി. സുഭിക്ഷ കേരളം നടപ്പായി. കാർഷികേതര മേഖലയിൽ 50000 തൊഴിൽ നൽകാനാണ് ലക്ഷ്യമിട്ടതെങ്കിലും അത് ഒരുലക്ഷം കവിഞ്ഞു. കിഫ്ബി ധനസഹായത്തോടെയുള്ള പശ്ചാത്തല നിക്ഷേപം ഉത്തേജക പാക്കേജായി മാറി. ഈ കാലയളവിൽ കേരളത്തിലെ വിലക്കയറ്റം ദേശീയ ശരാശരിയേക്കാൾ താഴ്ന്നതായിരുന്നു.

കോവിഡ് കാലത്ത് ചികിത്സാ സൗകര്യങ്ങൾ ഒരുക്കുന്നതിലും മെച്ചപ്പെട്ട ചികിത്സ നൽകുന്നതിലും കേരളം മികച്ച ഇടപെടൽ നടത്തി. ഇതിന്റെ ഫലമായാണ് രാജ്യത്തെ ഏറ്റവും കുറഞ്ഞ മരണനിരക്കെന്ന നേട്ടം കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞത്.

2018ലെയും 2019ലെയും പ്രളയം കേരളത്തിന്റെ തകർച്ച കൂടുതൽ രൂക്ഷമാക്കി. കാർഷിക മേഖലയിൽ 6.62 ശതമാനം ഉത്പാദനം കുറഞ്ഞു. ഇതിനിടയിലും 2019-20ൽ പച്ചക്കറി ഉത്പാദനത്തിൽ വർദ്ധനയുണ്ടായി. ഗൾഫിൽ നിന്നുള്ള തിരിച്ചുവരവും കേരളത്തെ പ്രതികൂലമായി ബാധിച്ചു. ത്രിതീയ മേഖലയിലെ വളർച്ച 7.78ൽ നിന്ന് 4.09 ആയി കുറഞ്ഞതിന് കാരണമിതാണെന്ന് മന്ത്രി പറഞ്ഞു.

# കയർമേഖലയ്ക്ക് ഊർജ്ജം പകരുന്ന ബജറ്റെന്ന് അഡ്വ. എൻ. സായികുമാർ



രണ്ടാം പുനഃസംഘടനയ്ക്ക് ഊർജ്ജം പകരുന്ന ബജറ്റാണ് കയർ വകുപ്പ് കൂടി കൈകാര്യം ചെയ്യുന്ന ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് അവതരിപ്പിച്ചതെന്ന് കയർഫെഡ് ചെയർമാൻ അഡ്വ.എൻ. സായികുമാർ അഭിപ്രായപ്പെട്ടു.

കേരളത്തിൽ കയർ പിരിക്കണമെങ്കിൽ തമിഴ് നാടിന്റെ ചകിരിയെ ആശ്രയിക്കണമെന്ന നില അവസാനിപ്പിച്ചതും പ്രതിവർഷം 50,000-60,000 ക്വിന്റൽ എന്ന നിലയിൽ നിന്ന് 5 ലക്ഷം ക്വിന്റൽ കയർ പിരിക്കാവുന്ന തരത്തിൽ ഈ വ്യവസായത്തിന് സുസ്ഥിരമായ അടിത്തറ പാകിയതും രണ്ടാം കയർ പുനഃസംഘടനയിലൂടെയാണ്.

ഈ അടിത്തറയിൽ നിന്ന് കയർ മേഖലയെ കൂടുതൽ ഉയരത്തിലേക്ക് കൈപിടിച്ചുയർത്താനും കമ്പോളത്തിലെ മത്സരത്തെ അതിജീവിക്കാൻ പ്രാപ്തമാക്കുന്നതുമാണ് ഈ വർഷത്തെ ബജറ്റ്. 2021-22ൽ കയർ മേഖലയ്ക്ക് 112 കോടി രൂപയാണ് മാറ്റിവെച്ചിട്ടുള്ളത്. ഇതിൽ തന്നെ 41 കോടി യന്ത്രവൽക്കരണത്തിനും 38 കോടി വിലസ്ഥിരതാ ഫണ്ടിനുമാണ്. ഇതിന് പുറമേയാണ് ക്ലസ്റ്റർ രൂപീകരണത്തിന് 50 കോടിയും എൻ.സി.ഡി.സി വഴി ലഭിക്കുന്ന 100 കോടി രൂപയും. ചെറുകിട ഉത്പന്ന നിർമ്മാണ യൂണിറ്റുകൾക്കായി മറ്റൊരു 20 കോടി രൂപയും നീക്കി വെച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമേ പരമ്പരാഗത കയർ പിരിത്തൊഴിലാളികളുടെ വരുമാനപൂരക പദ്ധതിയ്ക്ക് മതിയായ തുകയും നീക്കി വെച്ചിട്ടുണ്ട്.

കണിച്ചുകുളങ്ങരയിൽ സ്ഥാപിക്കുന്ന കയർ ബൈൻഡർലെസ് ബോർഡ് ഫാക്ടറിയും, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കയർ ആന്റ് ക്രാഫ്റ്റ് ഷോപ്പ് ശൃംഖലയും കയർ മേഖലയ്ക്ക് പുത്തൻ ഉണർവ്വ് പകരും.

പരമ്പരാഗത മേഖലയെ സംരക്ഷിച്ച് കൊണ്ടുള്ള യന്ത്രവത്കരണമാണ് സർക്കാർ ലക്ഷ്യം വെയ്ക്കുന്നത്. ഇത് പിണറായി സർക്കാരിന്റെ ബദൽ നയം വ്യക്തമാകുന്നതാണ്.

ചകിരി മില്ലുകളുടെ എണ്ണം 300 ഉം ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെ എണ്ണം 4000 ഉം ആട്ടോമാറ്റിക് ലൂമുകളുടെ എണ്ണം 200 ഉം ആയി ഇതോടെ ഉയരുകയാണ്. എല്ലാ യന്ത്രവത്കരണവും സഹകരണ അടിസ്ഥാനത്തിൽ നിയന്ത്രിക്കപ്പെടുന്നു എന്നതാണ് ഇതിലെ ഇടതുപക്ഷ സ്പർശം. ഈ യന്ത്രവത്കരണം തൊഴിലാളികളുടെ തൊഴിൽ ഇല്ലാതാക്കില്ല എന്ന് മാത്രമല്ല 10000 ലേറെ പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നതാണ്. ഇതിനെല്ലാം പുറമേ തൊഴിലാളികളുടെ കൂലി ഉയരുകയാണ്.

ഉത്പാദനം വർധിക്കുന്നതിന് അനുസരിച്ച് പുതിയ വിപണി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങളും ബജറ്റ് മുന്നോട്ട് വെയ്ക്കുന്നുണ്ട്. അതിന്റെ മികച്ച ഉദാഹരണമാണ് കയർ ഭൂവസ്ത്ര വിതാന പദ്ധതിയും ഡിജിറ്റൽ കയർ കേരളയും.

ഇങ്ങനെ പരമ്പരാഗത കയർപിരി കേന്ദ്രങ്ങളെ ആധുനിക ഫാക്ടറികളായി മാറ്റുന്നതും അവയ്ക്ക് ശാസ്ത്ര-സാങ്കേതിക വിദ്യ വ്യാപനത്തിലൂടെ മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷവും വേതനവും ഉറപ്പുവരുത്തുന്ന സർവ്വതല സ്പർശിയായ കാമ്പും കരുത്തുമുള്ള ബജറ്റാണ് ഡോ.ടി.എം.തോമസ് ഐസക് അവതരിപ്പിച്ചതെന്ന് കയർഫെഡ് ചെയർമാൻ അഡ്വ. എൻ.സായികുമാർ അഭിപ്രായപ്പെട്ടു.






# സ്നേഹയുടെ കവിതയിൽ തുടങ്ങി അമലിന്റെ വരികളിൽ അവസാനിപ്പിച്ച് സംസ്ഥാന ബഡ്ജറ്റ്

ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് ഇത്തവണത്തെ ബഡ്ജറ്റ് അവതരണത്തിന് കൂട്ടു പിടിച്ചത് കുട്ടികളുടെ കവിതകൾ. ബഡ്ജറ്റ് പ്രസംഗം ആരംഭിച്ചത് പാലക്കാട് കുഴൽമന്ദം ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ സ്നേഹയുടെ കവിതാശകലം ഉദ്ധരിച്ചുകൊണ്ടാണ്. ഇടുക്കി കണ്ണമ്പാടി ജി.എച്ച്.എസ്.എസിലെ കെ.പി. അമലിന്റെ വരികൾ ചൊല്ലിയാണ് അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത്.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 'അക്ഷരവൃക്ഷം' പദ്ധതിയുടെ ഭാഗമായി കുട്ടികൾ തയ്യാറാക്കിയ രചനകളിൽ നിന്നുള്ള ഭാഗങ്ങളാണ് അദ്ദേഹം ബഡ്ജറ്റിനൊപ്പം അവതരിപ്പിച്ചത്.

മടവൂർ എൻ.എസ്.എസ്. സ്കൂളിലെ ആർ.എസ്. കാർത്തിക, വയനാട് കണിയാംപറ്റ ഗവ. സ്കൂളിലെ അളകനന്ദ, അയ്യൻകോയിക്കൽ ഗവ. സ്കൂളിലെ കനിഹ, തിരുവനന്തപുരം സെന്റ് ജോസഫ് സ്കൂളിലെ എസ്. എസ്.ജാക്സൺ, കണ്ണൂർ മൊകേരി ആർ.ജി.എം. സ്കൂളിലെ അരുന്ധതി ജയകുമാർ, എറണാകുളം മാർ സെന്റ് സ്റ്റീഫൻ സ്കൂളിലെ അഞ്ജന സന്തോഷ്, കണ്ണൂർ പാച്ചേനി സ്കൂളിലെ ഇനാര അലി, കൊല്ലം കോയിക്കൽ ഗവ. സ്കൂളിലെ അലക്സ് റോബിൻ റോയ്, മലപ്പുറം മലഞ്ചേരി ജി.യു.പി.എസിലെ ദേവനന്ദ, മലപ്പുറം കരിങ്കപ്പാറ ജി.യു.പി.എസിലെ അഫ്രമറിയം, ഇരട്ടയാർ ഗവ. സ്കൂളിലെ ആദിത്യ രവി, കണ്ണൂർ കണ്ണാടിപറമ്പ് ഗവ. സ്കൂളിലെ ഷിനാസ് അഷ്റഫ്, കൊല്ലം തോട്ടട ഗവ. ഹൈസ്കൂളിലെ നവാലൂർ റഹ്മാൻ എന്നീ കുട്ടികളുടെ രചനകളാണ് മന്ത്രി ബഡ്ജറ്റിലെ ആശയങ്ങൾ വ്യക്തമാക്കുന്നതിനായി ഉപയോഗിച്ചത്.

ഇത്തവണത്തെ ബഡ്ജറ്റ് രേഖകളുടെ കവർ ചിത്രങ്ങളായി ഉപയോഗിച്ചിരിക്കുന്നതു സ്കൂൾ വിക്കിയിൽ പ്രസിദ്ധീകരിച്ച കലോത്സവത്തിന്റെ ഭാഗമായി കുട്ടികൾ രചിച്ചതും 'നേർക്കാഴ്ച' പരിപാടിയിൽ അവതരിപ്പിച്ചതുമായ ചിത്രങ്ങളാണെന്ന പ്രത്യേകതയുമുണ്ട്.

അച്ചടിച്ച ബഡ്ജറ്റ് പ്രസംഗത്തിന്റെ കവർ ചിത്രങ്ങൾ രചിച്ചത് കുടയത്തൂർ ഗവ. സ്കൂളിലെ ശ്രീനന്ദനയും, കോഴിക്കോട് വേദവ്യാസ വിദ്യാലയത്തിലെ ജഹാൻ ജോബിയുമാണ്. തൃശൂർ വടക്കാഞ്ചേരി ജി.എൽ.പി. സ്കൂളിലെ അമൽ ഷാസിയ അജയ്, കാസർകോട് ജ്യോതിർഭവൻ സ്പെഷ്യൽ സ്കൂളിലെ അനുഗ്രഹ വിജിത്, കാസർകോഡ് പി.എ. എൽ.പി.സ്കൂളിലെ വി.ജീവൻ, തൃശൂർ എടക്കഴിയൂർ എസ്എസ്എം വിഎച്ച് എസിലെ മർവ കെ എം, യു.എ.ഇ. ഹാബിറ്റാറ്റ് സ്കൂളിലെ നിയ മുനീർ എന്നിവരുടെ ചിത്രങ്ങളാണ് മറ്റ് ബഡ്ജറ്റ് രേഖകളിൽ ഉപയോഗിച്ചിരിക്കുന്നത്.

കോവിഡ് മഹാമാരിക്കാലത്ത് വീടുകൾക്കുള്ളിൽ തളച്ചിടപ്പെട്ട നമ്മുടെ കുട്ടികളുടെ സർഗവാസനകൾ പ്രകാശിപ്പിക്കാൻ പൊതുവിദ്യാഭ്യാസ വകുപ്പ് തയ്യാറാക്കിയ പരിപാടികളാണ് അക്ഷരവൃക്ഷവും നേർക്കാഴ്ചയും. ധനമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിലൂടെ ഈ കുട്ടികളെയും അക്ഷരവൃക്ഷം, നേർക്കാഴ്ച പദ്ധതികളേയും കേരള ചരിത്രത്തിന്റെ ഭാഗമാക്കിയിരിക്കുകയാണെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് അഭിപ്രായപ്പെട്ടു. അക്ഷരവൃക്ഷം പദ്ധതിയിൽ പങ്കുകൊണ്ട അരലക്ഷത്തിലധികം സ്കൂൾ വിദ്യാർത്ഥികൾക്കുള്ള അംഗീകാരമാണിത്. അവരുടെ സർഗ്ഗപ്രതിഭക്ക് ലഭിച്ച അസുലഭമായ അംഗീകാരം.

പദ്ധതിക്ക് രൂപം നല്കിയ പൊതുവിദ്യാഭ്യാസ വകുപ്പിനും ഇത് ഏറെ അഭിമാനിക്കാൻ ഇട നൽകുന്നതായി മന്ത്രി അറിയിച്ചു. അമൂല്യമായ പ്രോത്സാഹനത്തിനും പിന്തുണയ്ക്കും ധനമന്ത്രിക്ക് അദ്ദേഹം നന്ദി പറഞ്ഞു.



# ആവേശമായി കയർ ഭൂവസ്ത്ര സെമിനാറുകൾ

## ആദ്യഘട്ടത്തിൽത്തന്നെ കോടികളുടെ ധാരണാപത്രം ഒപ്പിട്ടു

കയറിന്റെയും പ്രകൃതിദത്ത നാരുകളുടെയും അന്തർ ദേശീയ മേളയായ കയർ കേരളയുടെ ഒൻപതാം പതിപ്പ് കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഇക്കുറി വിർച്ചൽ-കയർ കേരളയായി നടത്തുകയാണ്. ഫെബ്രുവരി 16ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും. ധനകാര്യ കയർ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ ആശയമാണ് കോവിഡ് കാലത്തെ അന്തർദേശീയ മേള വിർചൽ ആയി സംഘടിപ്പിക്കപ്പെട്ടിരിക്കുന്നത്. കയർ കേരള കോവിഡിന്റെ പശ്ചാത്തലത്തിൽ മാറ്റി വെയ്ക്കപ്പെട്ടാൽ അത് കയർ മേഖലയിലെ കുതിപ്പിന്റെ വേഗം കുറയ്ക്കുവാൻ കാരണമാകും. കഴിഞ്ഞ കയർ കേരളയിൽ 300 കോടി രൂപയുടെ ഉത്പന്നങ്ങൾക്കുള്ള ഓർഡറുകളാണ് ലഭിച്ചത്. ഇതിൽ പഞ്ചായത്തുകളിൽ നിന്നും ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതിയിൽപ്പെടുത്തി കയർ ഭൂവസ്ത്ര വിതാനത്തിനുള്ള 100 കോടി രൂപയുടെ ഓർഡറും ഉൾപ്പെടും. മാത്രമല്ല കയർ ഉത്പാദനം രണ്ട് ലക്ഷം ക്വിന്റലിൽ നിന്നും ഇരട്ടിയായി വർദ്ധിക്കുകയാണ്. രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയിലൂടെ യന്ത്രവത്കരണം സാധ്യമായപ്പോൾ കയർ ഉത്പാദനത്തിന്റെ ഗതിവേഗം കൂടി. ഉത്പാദന വർദ്ധനവിന് അനുസരിച്ച് വിപണനം സാധ്യമായില്ലെങ്കിൽ അത് കയർ വ്യവസായ കുതിപ്പിന്റെ താളം തെറ്റിക്കും. ഈ സാഹചര്യത്തിലാണ് കയർമേളയുടെ പ്രസക്തി വർദ്ധിക്കുന്നത്. കയർ മേളയിൽ ആൾക്കൂട്ടം നിയന്ത്രിച്ച് മേളയുടെ ഗാംഭീര്യം ഒട്ടും ചോരാതെ വിർച്വൽ ആയി സംഘടിപ്പിക്കുന്നതിനുള്ള എല്ലാ ഒരുക്കങ്ങളും സർക്കാരും കയർ വികസന വകുപ്പും പൂർത്തിയാക്കി കഴിഞ്ഞു.

2017ലെയും 2019 ലെയും കയർ മേളയുടെ ഒരു പ്രധാന നേട്ടം കയർ വികസന വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി നടപ്പിലാക്കിയ ബൃഹത്തായ കയർ ഭൂവസ്ത്രവിതാന പദ്ധതിയായിരുന്നു. ഈ രണ്ട് കയർ കേരളകളിലും കേരളത്തിലെ ആയിരത്തിൽ താഴെയുള്ള ഗ്രാമപഞ്ചായത്ത് അധികാരികൾ ആലപ്പുഴയിൽ സമ്മേളിച്ച് കയർ ഭൂവസ്ത്ര വിതാനത്തിനുള്ള ഒരു വർഷത്തേയ്ക്കുള്ള പദ്ധതിയുടെ ധാരണപത്രം ഒപ്പിടുകയായിരുന്നു. ഈ പദ്ധതിവഴി വലിയ തോതിൽ കയർ വിപണനം സാധ്യമായതാണ് കയർ മേഖലയ്ക്ക് കരുത്തായിതീർക്കുന്നത്. എന്നാൽ ഇത്തവണ ആയിരക്കണക്കിന് ആളുകളെ പങ്കെടുപ്പിച്ചുക്കൊണ്ട് ധാരണാപത്രം ഒപ്പിടൽ, സമ്മേളനങ്ങൾ നടത്തുവാൻ സാധിക്കില്ല. ആയതിന് പരിഹാരമായി ഒരോ ജില്ലകളിലും കയർവകുപ്പിന്റെനേതൃത്വത്തിൽപഞ്ചായത്തുകളുമായി കയർ ഭൂവസ്ത്ര വിതാനത്തിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള സെമിനാറുകൾ സംഘടിപ്പിച്ചുകൊണ്ട് ധാരണപത്രം ഒപ്പിടൽ നടക്കുകയാണ്.

ഫെബ്രുവരി 16ന് ആരംഭിക്കുന്ന കയർ കേരളയ്ക്ക് മുമ്പ് കേരളത്തിലെ മുഴുവൻ ജില്ലകളിലെയും പഞ്ചായത്തുകളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തിയുള്ള കയർ ഭൂവസ്ത്രവിതാന പദ്ധതിക്കുള്ള ധാരണാപത്രം ഒപ്പിട്ടു കഴിയും. കയർ കേരളയിൽ ഈ വർഷം നടപ്പിലാക്കുന്ന കയർ ഭൂവസ്ത്രവിതാന പദ്ധതിയുടെ ക്രോഡീകരണം നടത്തി ധനകാര്യ കയർ വകുപ്പ് മന്ത്രി പദ്ധതിയുടെ വിശദാംശങ്ങൾ പ്രഖ്യാപിക്കുന്നതാണ്.

കൂടാതെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് ഭരണസമിതിയിലെ പ്രതിനിധികൾക്ക് വേണ്ടി ആയിരം പേരെങ്കിലും പങ്കെടുക്കുന്ന സെമിനാറും സംഘടിപ്പിക്കും. ഇതിൽ പങ്കെടുത്തും പുതിയ കരാറുകൾ ഒപ്പിടുവാനുള്ള അവസരങ്ങൾ ഉണ്ടാകും.

ജനുവരി മാസം മുതൽ വിവിധ കയർ പ്രോജക്റ്റുകളുടെ കീഴിലുള്ള ജില്ലകളിൽ സംഘടിപ്പിച്ച കയർ ഭൂവസ്ത്ര സെമിനാറുകളുടെ റിപ്പോർട്ടുകളാണ് ഇതിനൊപ്പം ചേർക്കുന്നത്. കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, അഡീഷണൽ കയർ വികസന ഡയറക്ടർ കെ.എസ്. പ്രദീപ് കുമാർ എന്നിവരുടെ നേതൃത്വത്തിൽ കയർ വികസന വകുപ്പിലെ ഉദ്യോഗസ്ഥരും കയർ പ്രോജക്റ്റ് ആഫീസർമാരും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ജില്ലാതല ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ, പഞ്ചായത്ത് വകുപ്പ് ഉദ്യോഗസ്ഥർ, പഞ്ചായത്ത് പ്രസിഡന്റുമാർ സെക്രട്ടറിമാർ, സാങ്കേതിക വിഭാഗം എഞ്ചിനീയർമാർ കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ ഈ സെമിനാറുകളിൽ പങ്കെടുത്തു വരുന്നു.





*നെയ്യാറ്റിൻകരയിൽ നടന്ന കയർ ഭൂവസ്ത്ര സെമിനാർ ഒന്നാംഘട്ടം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ ഉദ്ഘാടനം ചെയ്യുന്നു.*



# തിരുവനന്തപുരത്ത് ആദ്യഘട്ടത്തിൽ 4 കോടിയുടെ ധാരണാപത്രം

**തി**രുവനന്തപുരം ജില്ലയിലെ ആദ്യ കയർ ഭൂവസ്ത്ര സെമിനാർ നെയ്യാറ്റിൻകര ടൗൺ ഹാളിൽ നടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി. സുരേഷ് കുമാർ സെമിനാർ ഉദ്ഘാടനം നിർവഹിച്ചു. വാർഡ് കൗൺസിലർ അലി ഫാത്തിമ അധ്യക്ഷയായി. കയർ ഫെഡ് മാർക്കറ്റിംഗ് മാനേജർ ശ്രീവർദ്ധൻ നമ്പൂതിരി, ഡോ. റ്റി. ഷാജി എന്നിവർ വിഷയാവതരണം നടത്തി. ചിറയിൻകീഴ് പ്രോജക്ട് ഓഫീസർ ബി. ശ്രീകുമാർ സ്വാഗതവും അസിസ്റ്റന്റ് രജിസ്ട്രാർ ബി ഹാരിസ് നന്ദി യും പറഞ്ഞു. 34 ഗ്രാമ പഞ്ചായത്തുകളുമായി 4 കോടി രൂപയുടെ ധാരണാപത്രം ഒപ്പിട്ടു. രണ്ടാംഘട്ട സെമി നാർ ആറ്റിങ്ങൽ വച്ച് നടക്കും.






*എറണാകുളം ജില്ലയിലെ കയർ ഭൂവസ്ത്ര സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് ഉദ്ഘാടനം ചെയ്യുന്നു. അഡീഷണൽ കയർ വികസന ഡയറക്ടർ കെ.എസ്. പ്രദീപ്കുമാർ സമീപം.*

# എറണാകുളത്ത് 5 കോടിയുടെ ധാരണാപത്രം

**ക**യർ ഭൂവസ്ത്ര സെമിനാർ എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ കയർ പ്രോജക്ടിൽ കയർഭൂവസ്ത്ര സെമിനാറിൽ 5 കോടിയുടെ ധാരണാപത്രം ഒപ്പിട്ടു. ആലുവ ടൗൺഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് ഉദ്ഘാടനം ചെയ്തു. കയർവികസന അഡീഷണൽ ഡയറക്ടർ കെ.എസ്. പ്രദീപ് കുമാർ അധ്യക്ഷനായിരുന്നു. പ്രോജക്ട് ഓഫീസർ കെ.എം. ഇന്ദിര സ്വാഗതവും അസിസ്റ്റന്റ് രജിസ്ട്രാർ സ്മിതാ ജേക്കബ് നന്ദിയും പറഞ്ഞു തുടർന്ന് കയർ ഭൂവസ്ത്ര വിതാനം സംബന്ധിച്ച് 2 സെഷനുകൾ നടന്നു.









*കണ്ണൂർ ജില്ലയിലെ കയർ ഭൂവസ്ത്ര സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ ഉദ്ഘാടനം ചെയ്യുന്നു*



*കണ്ണൂർ ജില്ലയിലെ കയർ ഭൂവസ്ത്ര സെമിനാറിൽ ധാരണാപത്രം ഒപ്പിടുന്നു*

# കണ്ണൂർ ജില്ല 5 കോടിയുടെ ഭൂവസ്ത്രം ഉറപ്പാക്കി

മഹാത്മാഗാന്ധിഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കൃഷി, മണ്ണ്, തോട് സംരക്ഷണം, തീരദേശത്തെ വഴിയോരപാതകളുടെ സംരക്ഷണം എന്നിവയുമായ് ബന്ധപ്പെട്ട് 2020–21 ൽ അഞ്ചുകോടിയോളം രൂപയുടെ കയർ ഭൂവസ്ത്ര വിതാനം കണ്ണൂർ ജില്ല ഉറപ്പ് വരുത്തി. കണ്ണൂർ കയർ പ്രോജക്ട് ഓഫീസിന്റെ പരിധിയിലുള്ള കണ്ണൂർ ജില്ലയിൽ മാത്രമായാണ് കയർ ഭൂവസ്ത്ര ശിൽപശാലയും ഭൂവസ്ത്ര വിതാന പദ്ധതി ധാരാണപത്രം ഒപ്പ് വയ്ക്കൽ ചടങ്ങും നടന്നത്. ജില്ലയിൽ സാന്ത്വന സ്പർശം അദാലത്ത് നടന്നു വരുന്നതിനാൽ കയർ ഭൂവസ്ത്ര വിതാനത്തിന് വളരെ സാധ്യതയുള്ള ചില പഞ്ചായത്തുകൾക്ക് ശിൽപശാലയിൽ പങ്കെടുക്കാനും ധാരണപത്രം ഒപ്പിടാനും സാധിച്ചിരുന്നില്ല. ജില്ലയിൽ കയർ ഭൂവസ്ത്ര വിതാനത്തിന് പരിമിതികൾ ഉണ്ടെങ്കിലും, രണ്ടു ദിവസമായി നടത്തിവന്ന കയർ ഭൂവസ്ത്ര സെമിനാറിൽ വച്ച് ആകെ 4,54,885 രൂപയുടെ ധാരണപത്രം ഒപ്പുവച്ചു. സെമിനാറിൽ പങ്കെടുക്കാൻ സാധിക്കാത്ത പഞ്ചായത്തുകൾ വരും ദിവസങ്ങളിൽ ധാരണാപത്രം ഒപ്പിടാനുള്ള സന്നദ്ധത അറിയിക്കുകയും അതിനുവേണ്ട ക്രമീകരണങ്ങൾ പ്രോജക്ട് തലത്തിൽ ഉറപ്പ് വരുത്തുകയും ചെയ്തിട്ടുണ്ട്. സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ ഉദ്ഘാടനം ചെയ്തു. കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു നടത്തിയ ശിൽപശാലയിൽ' ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, സെക്രട്ടറിമാർ, നിർവഹണ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു. കയർ ഭൂവസ്ത്ര വിതാനം സങ്കേതിക വശങ്ങളെ കുറിച്ച് ജ്യോതികുമാർ എം. വിശദീകരിച്ചു.



*കൊല്ലം ജില്ലയിലെ കയർ ഭൂവസ്ത്ര സെമിനാർ കോവൂർ കുഞ്ഞുമോൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു. കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, അഡീഷണൽ കയർ വികസന ഡയറക്ടർ കെ.എസ്. പ്രദീപ് കുമാർ എന്നിവർ സമീപം.*

# കൊല്ലത്ത് ആദ്യഘട്ടം 2.05 കോടിയുടെ ധാരണാ പത്രം

**കൊ**ല്ലം കയർ പ്രോജക്ടിലെ ആദ്യ കയർ ഭൂവസ്ത്ര സെമിനാർ ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്നു. ചിറ്റുമല , ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തുകളിലെ 14 ഗ്രാമ പഞ്ചായത്തുകൾ 2.05 കോടി രൂപയുടെ കയർ ഭൂവസ്ത്രത്തിനായി ധാരണാ പത്രം ഒപ്പിട്ടു. സെമിനാർ കുന്നത്തൂർ എം.എൽ.എ കോവൂർ കുഞ്ഞുമോൻ ഉദ്ഘാടനം ചെയ്തു. ശാസ്താംകോട്ട, ചിറ്റുമല ബ്ലോക്ക് പ്രസിഡന്റുമാർ ഗ്രാമ പഞ്ചായത്തുകളുടെ പ്രസിഡന്റ്മാർ, കയർ വികസന ഡയറക്ടർ വി.ആർ. വിനോദ് ഐ.എ.എസ്, എ.ഡി.സി.ഡി കെ.എസ്. പ്രദീപ് കുമാർ. കയർ പ്രോജക്ട് ഓഫീസർ ബനഡിക്റ്റ് നിക്സൻ, കൊല്ലം ജെ.പി.സി ലാസർ, വിവിധ ജീവനക്കാർ തുടങ്ങിയവർ സെമിനാറിൽ പങ്കെടുത്തു.



*തൃശൂർ ജില്ലയിലെ കയർ ഭൂവസ്ത്ര സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡേവീസ് മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു. അഡീഷണൽ കയർ വികസന ഡയറക്ടർ കെ.എസ്. പ്രദീപ്കുമാർ സമീപം.*

# തൃശൂർ ആദ്യഘട്ടം ആവേശകരം

തൃശൂർ കയർ ഭൂവസ്ത്ര സെമിനാർ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡേവീസ് മാസ്റ്റർ നിർവ്വഹിച്ചു. കയർ അഡീഷണൽ ഡയറക്ടർ പ്രദീപ് കുമാർ മുഖ്യപ്രഭാഷണം നടത്തി. ജെ.പി.സി ബാലഗോപാൽ വിഷയം അവതരിപ്പിച്ചു.

*(ശേഷം 37-ാം പേജിൽ)*





# വികസന സ്പർശം: എല്ലാവരിലേക്കും എല്ലായിടത്തും:

## മുഖ്യമന്ത്രി പിണറായി വിജയൻ

**നാ**ടിന്റെ വികസനവും നാട്ടുകാരുടെ ക്ഷേമവും മുൻനിർത്തി ജനങ്ങൾക്ക് മുൻപിൽ അവതരിപ്പിച്ച ബൃഹത്തായ ഒരു പ്രകടനപത്രികയുടെ അടിസ്ഥാനത്തിലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. നവകേരള പദ്ധതിയുടെ ഭാഗമായി പരമ്പരാഗത മേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കളുമായി നടത്തിയ സംവാദത്തിൽ പരമ്പരാഗത വ്യവസായ മേഖല പ്രതിനിധികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം.

അധികാരത്തിലെത്തിയ ആദ്യ നാൾ മുതൽ ഇന്നുവരെ ഈ പ്രകടന പത്രികയിൽ ഊന്നി ക്കൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കി കൊണ്ടിരിക്കുന്നത്. പ്രകടന പത്രികയിൽ പറഞ്ഞിരുന്ന 600 ഇനങ്ങളും നാലുവർഷംകൊണ്ട് നടപ്പാക്കണമെന്നാണ് സർക്കാർ തീരുമാനിച്ചിരുന്നത്. ഓഖി, നിപ്പ, ഈ നൂറ്റാണ്ടുകണ്ട മഹാപ്രളയം, ഇപ്പോഴും തുടരുന്ന കോവിഡ് മഹാമാരി എന്നീ അതീവ ഗുരുതരങ്ങളായ പ്രതിസന്ധികൾക്കിടയിലും പ്രകടനപത്രികയിലെ 600 ഇനങ്ങളിൽ 570 ഇനങ്ങളും നാലു വർഷക്കാലം കൊണ്ട് നടപ്പാക്കാൻ ഈ സർക്കാരിന് സാധിച്ചു.

ഈ പ്രതിസന്ധികൾ ഇല്ലാതിരുന്നെങ്കിൽ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ തന്നെ 600 ഇനങ്ങളും നടപ്പാക്കാൻ കഴിയുമായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ വികസന നയത്തെ ഒറ്റ വാചകത്തിൽ സാമൂഹ്യനീതിയിലധിഷ്ഠിതമായ സർവ്വതല സ്പർശിയായ വികസനം, എന്നു പറയാം. സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ള നിരാലംബരായ മനുഷ്യർക്ക് വികസനത്തിന് സ്പർശം ഉണ്ടാകണം അതിനും അപ്പുറം ഏതെങ്കിലും ഒരു പ്രത്യേക മേഖലയിൽ അല്ലെങ്കിൽ ഒരു പ്രദേശത്ത് മാത്രമല്ല നാടിന്റെ എല്ലാ പ്രദേശങ്ങളിലും വികസന സ്പർശം എത്തണം എന്നുള്ളതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ വികസന നയത്തിന്റെ കാതൽ. ഈ നിർബന്ധബുദ്ധി സർക്കാർ പുലർത്തിയത് കൊണ്ടാണ് സമൂഹത്തിലെ ഏറ്റവും അടിത്തട്ടിലുള്ള ലക്ഷക്കണക്കിന് കുടുംബങ്ങൾക്ക് വികസനത്തിന് സ്പർശനം അനുഭവിക്കാൻ കഴിഞ്ഞത്. മാത്രമല്ല നടക്കില്ല എന്ന് കരുതിയ പല വികസന പ്രവർത്തനങ്ങളും വിവിധ മേഖലകളിൽ നടപ്പാക്കാനും ഈ സർക്കാരിനു കഴിഞ്ഞത് ഈ നിർബന്ധ ബുദ്ധിയുടെ ഭാഗമായാണ്. പാരമ്പര്യ വ്യവസായ മേഖലയുടെ പ്രത്യേകത ഏറ്റവും പാവപ്പെട്ടവർ ഏറ്റവും കൂടുതൽ ആശ്രയി




*പരമ്പരാഗത വ്യവസായ മേഖല പ്രതിനിധികളുമായി മുഖ്യമന്ത്രി ആശയവിനിമയം നടത്തിയപ്പോൾ.*

ക്കുന്ന മേഖലയാണ് എന്നതാണ്. കയർ മേഖലയിൽ മാത്രം ലക്ഷക്കണക്കിന് തൊഴിലാളികൾ ഒരു കാലത്ത് പണിയെടുക്കുന്നുണ്ടായിരുന്നു. ഏറ്റവും കൂടുതൽ സ്ത്രീകളും പാവപ്പെട്ടവരും ആശ്രയിച്ച ഒരു പരമ്പരാഗത മേഖലയായിരുന്നു ഇത്. കേരം തിങ്ങും കേരള നാട് എന്നാണ് നമ്മുടെ നാട് തന്നെ അറിയപ്പെട്ടിരുന്നത്. ഏറ്റവും കൂടുതൽ കയർ ഉത്പാദിപ്പിക്കുകയും ഏറ്റവും കൂടുതൽ കയർ ഉത്പന്നങ്ങൾ കയറ്റി അയച്ചതും നമ്മുടെ സംസ്ഥാനത്ത് നിന്നുമായിരുന്നു. പക്ഷേ, കാലക്രമത്തിൽ എല്ലാം നമുക്ക് നഷ്ടപ്പെട്ടു. കേരം തിങ്ങും കേരള നാട് എന്ന വിശേഷണമുള്ളപ്പോൾ പോലും ചകിരിക്ക് വേണ്ടി അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട ഗതികേടിലേക്ക് നാം മാറിയിരുന്നു. തൊണ്ടു സംഭരണം ശക്തിപ്പെടുത്താൻ പല തലത്തിലുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വാർഡുകളിലും സർക്കാർ മുൻകൈ എടുത്ത് തെങ്ങിൻ തൈകൾ നൽകി വച്ചു പിടിപ്പിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഇത് തെങ്ങിന്റെ എണ്ണം വർധിപ്പിക്കുന്നതിനൊപ്പം തൊണ്ട് സംഭരണം സജീവമാക്കുന്നതിനും സഹായിക്കും. കയർമേഖലയുടെ നല്ല നാളുകളിലേക്ക് തിരിച്ചെത്താനുള്ള ശ്രമമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. സർക്കാർ ഇടപെടൽ മൂലം ഇന്ന് ഈ രംഗത്ത് പുതുജീവൻ കൈവരിക്കാൻ സാധിച്ചിരിക്കുന്നു എന്ന് അഭിമാനപൂർവം പറയാൻ കഴിയും.

ഖാദിയുടെ രംഗത്തും ഇതുതന്നെയാണ് സ്ഥിതി. ഒരുകാലത്ത് കൈത്തറി പ്രസ്ഥാനം നല്ല രീതിയിൽ നടന്നു. പിന്നീട് തറിയുടെ ശബ്ദമേ അപൂർവമായി മാറി. നാശോന്മുഖമായ ഒരു വ്യവസായമായി ഇതു മാറി. ഈ ഗുരുതരമായ അവസ്ഥ മാറ്റിയെടുക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പല നടപടികളും കൈക്കൊണ്ടു. ഉദാഹരണത്തിന് സ്കൂൾ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നിർബന്ധമാക്കിയതോടെ ഈ രംഗത്ത് ഒരു പുതുജീവൻ കൈവന്നു. യൂണിഫോമിന് ആവശ്യമുള്ള തുണി ഉത്പാദിപ്പിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. എന്നിരുന്നാലും ഈ രംഗത്ത് കൂടുതൽ ഇടപെടലുകൾ ഉണ്ടാകേണ്ടിയിരിക്കുന്നു. അതിനുള്ള കൂടുതൽ കൂടുതൽ ശ്രമങ്ങൾ സർക്കാർ നടത്തിവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കശുവണ്ടി മേഖല ആകെ പ്രതിസന്ധിയിലായിരുന്നു. ആയിരക്കണക്കിന് തൊഴിലാളികൾ പട്ടിണികിടന്നിരുന്ന സ്ഥിതി സ്ഥാപനങ്ങൾ പലതും അടഞ്ഞുകിടന്നിരുന്നു.

കശുവണ്ടി വ്യവസായ വികസന കോർപ്പറേഷനും കാപെക്സും അങ്ങേയറ്റത്തെ പ്രതിസന്ധിയിലായിരുന്നു. നിരവധി സ്വകാര്യ വ്യവസായ സംരംഭങ്ങൾ അടച്ചുപൂട്ടുകയോ അടച്ചുപൂട്ടലിന്റെ വക്കിലെത്തിയോ നിൽക്കുന്ന സ്ഥിതിയായിരുന്നു. എൽ.ഡി.എഫ് സർക്കാർ കുറെ കാര്യങ്ങൾക്ക് പരിഹാരം കണ്ടെത്തി. പ്രശ്നപരിഹാരങ്ങൾക്ക് വിവിധ മാർഗങ്ങൾ സ്വീകരിക്കേണ്ടി വന്നു. കടമെടുത്ത് പ്രവർത്തിച്ചുവന്നിരുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ മാനേജ്മെന്റുകൾ പലതും കടക്കെണിയിൽ ആയിരുന്നു. സർക്കാർ മുൻകൈയെടുത്ത് ബാങ്ക് കാരുമായി ചർച്ച ചെയ്ത് പരിഹാരം ഉണ്ടാക്കാൻ ശ്രമിച്ചു. ഇതിന്റെ ഭാഗമായി ബാങ്കുകളുടെ സമീപനത്തിൽ വലിയ മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇക്കാര്യങ്ങളെല്ലാം പൂർണ്ണതയിൽ എത്തിയെന്ന് അവകാശപ്പെടാനാവില്ല. ഇപ്പോഴും ശ്രമങ്ങൾ തുടരുക തന്നെയാണ് കുറെയധികം സ്ഥാപനങ്ങൾ ഇപ്പോൾ തുറക്കാൻ കഴിഞ്ഞിട്ടുണ്ട്. കശുവണ്ടി വ്യവസായ വികസന കോർപ്പറേഷനും കാപെക്സും ഇന്ന് നല്ല നിലയിൽ പ്രവർത്തിക്കുന്നു. തോട്ടണ്ടി ലഭിക്കാത്തത് ആയിരുന്നു ഈ മേഖലയിലെ മറ്റൊരു പ്രധാന പ്രശ്നം. ഇത് പരിഹരിക്കാൻ തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ പ്രത്യേക സംവിധാനം ഒരുക്കി. ഇതുമൂലം നേരത്തെ ഉണ്ടായിരുന്ന ദുരവസ്ഥ പരിഹരിച്ച് ആശ്വാസകരമായ ഒരു നില ഈ മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

മത്സ്യ മേഖലയാണ് മറ്റൊരു പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായം. ഏറ്റവും ദീർഘമേറിയ കടലോരമുള്ള സംസ്ഥാനമാണ് നമ്മുടേത്. കൂടാതെ 44 നദികളും ഒരുപാട് മറ്റു ജലാശയങ്ങളും നമുക്കുണ്ട്. മത്സ്യസമ്പത്ത് ധാരാളം ലഭിക്കാൻ സാഹചര്യം ഉള്ള നാടാണ് നമ്മുടേത്. ഒരു കാലത്ത് ഏറ്റവും കൂടുതൽ മത്സ്യകയറ്റുമതി ചെയ്യുന്ന നാടായിരുന്നു നമ്മുടെ

തെന്ന് ഓർക്കണം. ആ സ്ഥാനം നേരത്തെ തന്നെ നമുക്ക് നഷ്ടപ്പെട്ടു കഴിഞ്ഞിരുന്നു. അത് തിരിച്ചു പിടിക്കാൻ ഉള്ള ശ്രമമാണ് ഈ സർക്കാർ നടത്തിവരുന്നത്. വളരെ ഗൗരവമായ ഇടപെടലുകളാണ് ഈ രംഗത്ത് സർക്കാർ നടത്തി വരുന്നത്. മാത്രമല്ല നമ്മുടെ നാട്ടിൻപുറങ്ങളിൽ ഉള്ള കുളങ്ങളിലും തോടുകളിലും മത്സ്യസമ്പത്ത് വർധിപ്പിക്കാൻ ഉള്ള ശ്രമവും ഇതിനൊപ്പം നടക്കുന്നുണ്ട്. എല്ലാ ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന നടപടി നാം ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ സുഭിക്ഷ കേരളം പദ്ധതി പ്രകാരം ഓരോ വീട്ടുവളപ്പിലും ഒരു മത്സ്യം വളർത്തൽ കേന്ദ്രമെങ്കിലും ഒരുക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മത്സ്യ ഉത്പാദനം വളരെയധികം വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. പച്ചക്കറിയുടെ കാര്യത്തിൽ ഉണ്ടാക്കിയത് പോലെ ഒരു മുന്നേറ്റം ഈ രംഗത്തും തീർച്ചയായും ഉണ്ടാകും. 2016 ൽ ആറു ലക്ഷം ടൺ മാത്രം ഉത്പാദിപ്പിച്ച നിലയിൽ നിന്ന് ഇന്ന് 15 ലക്ഷം ടൺ പച്ചക്കറി ഉത്പാദിപ്പിക്കാൻ നമുക്ക് കഴിയുന്നുണ്ട്. പച്ചക്കറി കൃഷി ഒരു സംസ്കാരം ആക്കി മാറ്റാൻ കഴിഞ്ഞതിനാൽ ആണ് ഈ പുരോഗതി ഉണ്ടാക്കാൻ നമുക്ക് കഴിഞ്ഞത്. ഈ രീതിയിലുള്ള ഒരു സംസ്കാരം മത്സ്യമേഖലയിലും ഉണ്ടാക്കിയെടുക്കാൻ ആണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇങ്ങനെ ഒട്ടേറെ ഇടപെടലുകൾ പാരമ്പര്യ വ്യവസായരംഗത്ത് സർക്കാർ നടപ്പാക്കിയിട്ടുണ്ട്. ഓരോന്നും എടുത്തു പറയുവാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല.

ധാരാളം കാര്യങ്ങൾ നാം ചെയ്തു കഴിഞ്ഞു, എങ്കിലും ഇനിയും ഒട്ടേറെ കാര്യങ്ങൾ നമുക്ക് ചെയ്യുവാനുണ്ട്. ഇതുവരെ ചെയ്ത കാര്യങ്ങൾ വിലയിരുത്താൻ ഇനിയുള്ള കാലങ്ങളിൽ വിവിധ മേഖലകളിൽ എന്തൊക്കെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട് എന്നതിലും ജനങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കുന്നതിനും ആണ് നവകേരളം പരിപാടി ആവിഷ്കരിച്ചിട്ടുള്ളത്. വിജയകരമായ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നവകേരളം ചർച്ചയുടെ അടിസ്ഥാനത്തിൽ കൂടുതൽ പേരിലേക്ക്, കൂടുതൽ പ്രദേശങ്ങളിലേക്ക്, കൂടുതൽ മേഖലകളിലേക്ക് വികസനം എത്തിക്കാൻ പ്രതിജ്ഞാബദ്ധമായ പ്രവർത്തിക്കുകയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയും അതിന്റെ സർക്കാരും.

*(നവകേരള പദ്ധതിയുടെ ഭാഗമായി പരമ്പരാഗത മേഖലയിലെ ട്രേഡ് യൂണിയൻ നേതാക്കളുമായി നടത്തിയ സംവാദത്തിൽ മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിന്റെ സംക്ഷിപ്തം.)*



**കയർ മേഖലയുടെ പുരോഗതിക്കായി കേരള കയർ വർക്കേഴ്സ് സെന്ററി (സി.ഐ.റ്റി.യു) നെ പ്രതിനിധീകരിച്ച് പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ സമർപ്പിച്ച നിർദേശങ്ങൾ**

**1. തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും വർദ്ധിപ്പിക്കുക.**

കേരളത്തിലെ കയർ വ്യവസായത്തിനാവശ്യമായ ചകിരി മുഴുവൻ സംസ്ഥാനത്തു തന്നെ ഉത്പാദിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതി വിപുലപ്പെടുത്തുക. ഇതിലേക്ക് തൊണ്ട് സംഭരണം പ്രാദേശിക തലത്തിൽ കാര്യക്ഷമമാക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കൂടി പങ്കാളികളാക്കേണ്ടതാണ്. തൊണ്ട് ഒന്നിന് 50 പൈസ സബ്സിഡി നൽകി തൊണ്ട് സംഭരിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ ചുമതലപ്പെടുത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം ഇപ്പോൾ തന്നെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള ആസൂത്രണ മാർഗ്ഗരേഖയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതി ഏറ്റെടുക്കുന്നതിൽ പഞ്ചായത്തുകൾ താൽപര്യം പ്രകടിപ്പിച്ചുകാണുന്നില്ല. ഇതൊരു നിർബന്ധിത പദ്ധതിയായി ഉൾപ്പെടുത്തുന്നതിനു നടപടി സ്വീകരിക്കുക.

**2. പരമ്പരാഗത കയർ പിരി മേഖലയുടെ സംരക്ഷണം**

കേരളത്തിൽ ഏകദേശം 50,000ലധികം തൊഴിലാ

ളികൾ ഇപ്പോഴും പരമ്പരാഗത കയർപിരി മേഖലയെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്നുണ്ട്. പരമ്പരാഗത രീതിയിൽ കയർ ഉത്പാദിപ്പിക്കുവാൻ നിർബന്ധിതരായ ഈ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് ഉള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുക. ഇവർക്ക് ഇപ്പോൾ ജോലിയുള്ള ദിവസങ്ങളിൽ പ്രതിദിനം ഉദ്ദേശം 110/- രൂപ വരുമാന പൂരക പദ്ധതിയുടെ സഹായം ലഭിക്കുന്നുണ്ട്. വരുമാന പൂരക പദ്ധതിയുടെ സഹായം 110രൂപ എന്നത് 160രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചാൽ ഇവരുടെ കയർപിരി കൂലി 350ൽ നിന്നും 400രൂപയായി വർദ്ധിപ്പിക്കാവുന്നതാണ്.

**3. യന്ത്രവത്കരണവും ആധുനീകരണവും കാര്യക്ഷമമാക്കുക**

പരമ്പരാഗത കയർപിരി ഉത്പന്ന നിർമ്മാണ മേഖലയെ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് കമ്പോളത്തിലെ മത്സരത്തെ അതിജീവിക്കുന്നതിന് പര്യാപ്തമായ നിലയിൽ വ്യവസായ പുനഃസംഘടന ശക്തിപ്പെടുത്തുന്നതിന് യന്ത്രവത്കരണവും ആധുനീകരണവും വൈവിധ്യവത്കരണവും വേഗത്തിലാക്കുക.

എ) ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ ഇതിനകം 120 ഓളം സംഘങ്ങളിൽ സ്ഥാപിതമായിട്ടുണ്ട്. കുറഞ്ഞത് 300 സംഘങ്ങളിലെങ്കിലും ഒരു യൂണിറ്റിൽ 10 വീതമുള്ള ആട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീൻ നൽകി യന്ത്രവൽകൃത കയർ പിരി യൂണിറ്റുകൾ ആരംഭിക്കുക.

ബി) ഉത്പന്ന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട കയർ ഫാക്ടറികളിലും മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘങ്ങളിലും സെമി ആട്ടോമാറ്റിക്ക് ലൂമുകൾ സ്ഥാപിച്ചാൽ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇടയാക്കും. ഇത് പുതുതലമുറയെ കയർ ഉത്പന്ന നിർമ്മാണ മേഖലയിലേക്ക് ആകർഷിക്കുന്നതിന് സഹായകരമാകും.

സി) ചകിരിച്ചോറിന്റെ വിപണി മൂല്യം വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത്, ചകിരിച്ചോർ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളായ, ജൈവവളം, ബ്രിക്കേറ്റുകൾ, കയർ കൊക്കോപോട്ടുകൾ, ഇനാകുലേറ്റഡ് പിത്ത് തുടങ്ങിയ വൈവിധ്യമാർന്ന ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും അവ വ്യാപകമാക്കുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുക.

**4. പരമ്പരാഗത കയർ ഉത്പന്നങ്ങളുടെ വിപണി വിപുലീകരിക്കുക**

കയർ കമ്മീഷൻ ശുപാർശ ചെയ്തതനുസരിച്ച് സ്വകാര്യമേഖലയ്ക്കു കൂടി പങ്കാളിത്തം നൽകിക്കൊണ്ട് കയർ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കയർ കൺസോർഷ്യം രൂപീകരിച്ച് വിപണി വികസിപ്പിച്ച് ആഭ്യന്തര കമ്പോളത്തിൽ കൂടുതൽ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തുക.

**5. മൾച്ചിംഗ് കൃഷി പ്രോത്സാഹിപ്പിക്കുക**

വില കുറഞ്ഞതും ഈടുനിലനിറുത്തുന്നതുമായ മൾച്ചിംഗ് മെറ്റീരിയലായി കയറിന്റെ സാധ്യത തിരിച്ചറിഞ്ഞ് പ്രകൃതി സൗഹൃദ കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മൾച്ചിംഗ് കൃഷി പ്രോത്സാപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

**6. കയർ സഹകരണ സംഘങ്ങളുടെ പുനഃസംഘാടനം**

കയർ തൊഴിലാളി സഹകരണ സംഘങ്ങൾക്ക് മാനേജ്മെന്റ് വൈദഗ്ധ്യവും പ്രൊഫഷണൽ കാര്യക്ഷമമതയും വർദ്ധിപ്പിച്ച് കാര്യക്ഷമവും മികവുറ്റതുമായ പ്രവർത്തനം കാഴ്ച വെയ്ക്കുന്നതിന് ആവശ്യമായ പരിശീലനവും പ്രോത്സാഹനവും സംഘം ഭരണ സമിതിയ്ക്കും ജീവനക്കാർക്കും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.

**7. നൂതന ഉത്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക**

റബ്ബറൈസ്ഡ് കയർ ഉത്പന്നങ്ങൾ, പ്രകൃതി സൗഹൃദ, അകൂസ്റ്റിക് ഉത്പന്നങ്ങൾ, കയർ കോമ്പോസിറ്റ് ബോർഡ് ഉത്പന്നങ്ങൾ, ടഫ്റ്റഡ് ഉത്പന്നങ്ങൾ തുടങ്ങി നൂതന ആധുനിക ഉത്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറികൾ പൊതുഉടമസ്ഥതയിൽ ആരംഭിച്ച് മേഖലയ്ക്ക് സംഭാവന നൽകുന്ന പദ്ധതികൾ നടപ്പാക്കുക. കയർ ഉൽപ്പന്നങ്ങളെ ഫയർ റിട്രോസന്റ് വസ്തുക്കൾ ഉപയോഗിച്ച് മെച്ചപ്പെടുത്തി ആയതിന്റെ വിപണി സാധ്യത വിപുലപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

**8. പർച്ചേസ് പ്രൈസ് സ്റ്റെബിലൈസേഷൻ (പി.പി.എസ്.എസ്) പദ്ധതിയ്ക്കുള്ള പദ്ധതി വിഹിതം വർദ്ധിപ്പിക്കുക.**

കയർ വ്യവസായത്തിന്റെ നട്ടെല്ലായി പ്രവർത്തിച്ചുവരുന്നത് 2006-11 ലെ എൽ.ഡി.എഫ് സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ പർച്ചേഴ്സ് പ്രൈസ് സ്റ്റെബിലൈസേഷൻ(പി.പി.എസ്.എസ്)പദ്ധതിയാണ്. ഈ പദ്ധതിയ്ക്കുള്ള ബജറ്റ് വിഹിതം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് കയർ മേഖലയുടെ മൊത്തതിലുള്ള മുന്നേറ്റത്തിന് സഹായകരമാകും.

9. മാർക്കറ്റിംഗ് ഡവലപ്മെന്റ് അസിസ്റ്റന്റ് (എം.ഡി.എ) പ്രൊഡക്ഷൻ കം മാർക്കറ്റിംഗ് ഇൻസെന്റീവ് (പി.എം.ഐ) ഇൻകം സപ്പോർട് സ്ക്രീം (ഐ.എസ്.എസ്), മാനേജീരിയൽ സബ്സിഡി തുടങ്ങിയ പദ്ധതികൾക്ക് മതിയായ പ്ലാൻ ഫണ്ടുകൾ നീക്കിവെയ്ക്കുക.

10. കയർത്തൊഴിലാളി ക്ഷേമനിധിയിൽ നിന്നു വിരമിക്കുന്ന തൊഴിലാളികളുടെ വിരമിക്കൽ ആനുകൂല്യം സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

വ്യവസായ മന്ത്രി ഇ. പി. ജയരാജൻ യോഗത്തിൽ ഓൺലൈനിൽ പങ്കെടുത്തു. ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ, വ്യവസായ സെക്രട്ടറി മുഹമ്മദ് ഹനീഷ് എന്നിവർ സംബന്ധിച്ചു. ഖാദി മേഖലയിൽ നിന്ന് സി. കൃഷ്ണൻ എം.എൽ.എ, ഖാദി ബോർഡ് വൈസ് ചെയർമാൻ ശോഭനാ ജോർജ്, കയർ മേഖലയെ പ്രതിനിധീകരിച്ച് ആനത്തലവട്ടം ആനന്ദൻ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ, കയർ ക്ഷേമനിധി ബോർഡ് ചെയർമാൻ കെ.കെ. ഗണേശൻ, മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ചെയർമാൻ അഡ്വ. കെ. പ്രസാദ്, ബീഡി വ്യവസായത്തിൽ നിന്ന് കെ. പി. സഹദേവൻ, കൈത്തറി മേഖലയെ പ്രതിനിധീകരിച്ച് അറയ്ക്കൽ ബാലൻ, കരകൗശല മേഖലയിൽ നിന്ന് കെ. എസ്. സുനിൽ കുമാർ, ആർട്ടിസാൻസിനെ പ്രതിനിധീകരിച്ച് നെടുവത്തൂർ സുന്ദരേശൻ, കശുവണ്ടി മേഖലയിൽ നിന്ന് ബി. തുളസീധരക്കുറുപ്പ്, ജി. ലാലു, ജയമോഹൻ, മത്സ്യമേഖലയിൽ നിന്ന് പി.പി. ചിത്തരഞ്ജൻ, പുല്ലുവിള സ്റ്റാൻലി, കള്ളുചെത്ത് മേഖലയിൽ നിന്ന് സുരേന്ദ്രൻ, രമേശൻ, മുള വ്യവസായ മേഖലയിൽ നിന്ന് കെ. ജെ. ജേക്കബ്, പന വ്യവസായത്തെ പ്രതിനിധീകരിച്ച് പ്രൊഫ. രാജൻ, മൺപാത്ര നിർമാണ മേഖലയിൽ നിന്ന് കെ. എൻ. കുട്ടമണി എന്നിവർ പങ്കെടുത്തു.

# വെല്ലുവിളികളെ നേരിടാൻ ഭയക്കുന്ന കേന്ദ്ര ബജറ്റ്



**ഡോ.ടി.എം തോമസ് ഐസക്**
(സംസ്ഥാന ധന- കയർ വകുപ്പ് മന്ത്രി)

**സാ**മ്പത്തികമാന്ദ്യത്തിൽ നിന്നും രാജ്യത്തെ കരകയറ്റുന്നതിന് തീർത്തും അപര്യാപ്തമാണ് പുതിയ ബജറ്റ്. 2020-21ലെ പുതുക്കിയ കണക്കുകളെ അപേക്ഷിച്ച് വർദ്ധന വെറും ഒരു ശതമാനം മാത്രമാണ്. ഇതിനെ എങ്ങനെ ഉത്തേജകപാക്കേജെന്ന് വിശേഷിപ്പിക്കാൻ കഴിയും?

ബജറ്റ് മതിപ്പുകണക്കിനെ അപേക്ഷിച്ച് റവന്യു വരുമാനം 2021-22ൽ 12ശതമാനം കുറവാണ്. തൽഫലമായി ചെലവ് ചുരുക്കാൻ കേന്ദ്രസർക്കാർ നിർബന്ധിതരായി. ഈ കുറവ് നികത്താൻ ശ്രമിക്കുന്നത് പൊതുമേഖലയെ വിറ്റുതുലച്ചുകൊണ്ടാണ്. 1.75 ലക്ഷം കോടി രൂപയാണ് പൊതുമേഖല ഓഹരി വിൽപനയിലൂടെ നേടാൻ ശ്രമിക്കുന്നത്. ആദ്യമായി രണ്ട് പൊതുമേഖലാ ബാങ്കുകളും ഇൻഷുറൻസ് കമ്പനിയും വിൽപനയ്ക്ക് വച്ചിരിക്കുകയാണ്.

കാർഷിക മേഖലയുടെ ഗണ്യമായി അടങ്കൽ വർദ്ധിപ്പിക്കുമെന്നാണ് പ്രതീക്ഷിച്ചതെങ്കിലും 2020-21 ബജറ്റിനെ അപേക്ഷിച്ച് വകയിരുത്തൽ കുറവാണ്. 1.54 ലക്ഷം കോടിയിൽ നിന്ന് 1.48 ലക്ഷം കോടിയായി കുറഞ്ഞു. മാർക്കറ്റ് ഇന്റർവെൻഷനും വില പിന്തുണ സ്കീമിനും വേണ്ടിയുള്ള അടങ്കൽ 2000 കോടിയിൽ നിന്ന് 1501 കോടിയായി കുറച്ചു. ക്രോപ്പ് ഇൻഷ്വറൻസ് സ്കീമിന് വെറും 300 രൂപയാണ് വർദ്ധന. കൃഷിക്കാർക്കുള്ള പലിശ സബ്സിഡി 2000 കോടി രൂപ കുറഞ്ഞു. 900 കോടി രൂപ വകയിരുത്തിയിട്ടുള്ള അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് മാത്രമാണ് എന്തെങ്കിലും ശ്രദ്ധേയമായ ഇടപെടൽ. കാർഷികമേഖലയ്ക്ക് ഒരുണർവും ഈ ബജറ്റ് സംഭാവന ചെയ്യുന്നില്ല.

ദേശീയ തൊഴിലുറപ്പ് പദ്ധതിക്ക് 1.11 ലക്ഷം കോടി രൂപ 2020-21ൽ ചെലവഴിച്ചെങ്കിൽ അടുത്ത വർഷം 0.73 ലക്ഷം കോടി രൂപയേ വകയിരുത്തിയിട്ടുള്ളൂ. പെൻഷനടക്കമുള്ള സാമൂഹ്യ-ക്ഷേമ ചെലവുകൾ 2020-21ൽ 43,000 കോടി രൂപയായിരുന്നെങ്കിൽ പുതിയ ബജറ്റിൽ 9,200 കോടി രൂപയേയുള്ളൂ.

രാഷ്ട്രീയ സ്വസ്ത്യ ഭീമ യോജനയിൽ 2020-21ലെ 6400 കോടി രൂപയേ ഈ വർഷമുള്ളൂ. ദേശീയ ആരോഗ്യ മിഷനിൽ നാമമാത്രമായ വകയിരുത്തലേയുള്ളൂ. കഴിഞ്ഞ വർഷം 36000 കോടി രൂപ ചെലവഴിച്ചെങ്കിൽ ഇപ്പോൾ 37000 കോടി രൂപയേയുള്ളൂ.

ദേശീയ വിദ്യാഭ്യാസ മിഷന്റെ അടങ്കൽ 39000 കോടിയിൽ നിന്നും 34000 കോടിയായി വെട്ടിക്കുറച്ചിരിക്കുകയാണ്. ജലജീവൻ മിഷനൊഴികെ മറ്റു കേന്ദ്രാവിഷ്കൃത പദ്ധതികളിലൊന്നും ശ്രദ്ധേയമായ വർദ്ധനവേ ഇല്ല. കമ്മിയും കടവും ഉയർത്തിയെന്ന് കേരള ബജറ്റിനെ വിമർശിച്ച ബിജെപി നേതാക്കൾക്ക് കേന്ദ്രബജറ്റു വന്നതോടെ പറഞ്ഞതൊക്കെ വിഴുങ്ങേണ്ടി വന്നിരിക്കുകയാണ്. 2020-21ലെ കേന്ദ്ര ബജറ്റ് കമ്മി 9.5 ശതമാനമായിരുന്നു. 2021-22ലെ കമ്മി 6.8 ശതമാനമാണ്.

കേരളം മാത്രമല്ല, സംസ്ഥാനങ്ങളുടെ ധനക്കമ്മി കേന്ദ്ര ധനക്കമ്മിയുടെ പകുതിയേ വരൂ. 2020-21ൽ കേരളത്തിന്റെ ധനക്കമ്മി 4.25 ശതമാനമായിരുന്നു. 2021-22ൽ ഇത് 3.5 ശതമാനമാവുമാണ്. ഇപ്പോൾ കേന്ദ്രസർക്കാർ ഒരു ശതമാനം വായ്പ അധികമെടുക്കാൻ സംസ്ഥാനങ്ങളെ അനുവദിച്ചതുകൊണ്ട് പുതുക്കിയ ബജറ്റിൽ കമ്മി 4.5 ശതമാനമായി ഉയരും. ഇതിന് ആനുപാതികമായി മൂലധന ച്ചെലവും ഉയരും.

ഇനി കടത്തിന്റെ കാര്യമാണെങ്കിൽ 2020-21ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം 8 ലക്ഷം കോടി രൂപയാണ് വായ്പയെടുക്കാൻ തീരുമാനിച്ചത്. ഇതിനു പകരം വായ്പയെടുത്തത് 18.5 ലക്ഷം കോടി രൂപ. ഇപ്പോഴത്തെ ബജറ്റ് പ്രകാരം 15.1 ലക്ഷം കോടി രൂപയാണ് വായ്പയെടുക്കാൻ ലക്ഷ്യമിടുന്നത്.

കേരളത്തിന് ദേശീയപാത വികസനത്തിന് 65000 കോടി രൂപ വകയിരുത്തിയിരിക്കുന്നു എന്നുപറഞ്ഞ് കോൾമയിർ കൊള്ളുന്നവരുണ്ട്. അതൊരു തമാശയാണ്. നാഷണൽ ഹൈവേ അതോറിറ്റി വായ്പയെടുത്ത് മുതൽ മുടക്കുന്ന തുകയാണിത്. നമ്മുടെ കിഫ്ബി വായ്പപോലെ. ഇതൊരു പുതിയ പ്രഖ്യാപനവുമല്ല. ദേശീയപാത വികസനത്തിനുള്ള തുക നേരത്തെ പ്രഖ്യാപിച്ചു കഴിഞ്ഞതാണ്.

കൊച്ചി മെട്രോയ്ക്കുള്ള 1957 കോടി രൂപയിൽ 338 കോടി രൂപയേ കേന്ദ്രത്തിൽ നിന്നും ഓഹരി മൂലധനമായി കിട്ടൂ. ഇതിനു തുല്യമായ തുക സംസ്ഥാനവും നൽകണം. ബാക്കിയുള്ള തുക വിദേശത്തു നിന്നോ നാട്ടിൽ നിന്നോ വായ്പയെടുക്കണം. ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് പൂർണ്ണമായും വായിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും നടപ്പുവർഷത്തെ അപേക്ഷിച്ച് നമുക്കുള്ള ധനസഹായം ചെറിയ തോതിലെങ്കിലും വർദ്ധിക്കുമെന്നാണ് പ്രതീക്ഷ. കേരളത്തിന്റെ നികുതി വിഹിതം 1.943 ആയിരുന്നത് 1.925 ആയി കുറഞ്ഞു. പക്ഷെ, നമ്മുടെ റവന്യൂക്കമ്മി ഗ്രാന്റ് 15,323 കോടി രൂപയായിരുന്നത് 19,891 കോടി രൂപയായി ഉയർന്നിട്ടുണ്ട്. കൂടുതൽ വിശദാംശങ്ങൾക്ക് റിപ്പോർട്ട് പൂർണ്ണമായും വായിക്കേണ്ടതുണ്ട്. *(എഫ്.ബി. പോസ്റ്റ്)*



# സിവിൽ സർവ്വീസിലെ സൗമ്യസാന്നിദ്ധ്യം എൻ. പത്മകുമാർ വിരമിച്ചു

കയർ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ. പത്മകുമാർ ഐ.എ.എസ് സർവ്വീസിൽ നിന്നും വിരമിച്ചു. അദ്ദേഹത്തിന്റെ ശ്രമഫലമായി സ്ഥലം വാങ്ങിയ കടകംപള്ളി കയർ മാറ്റിസ് ആൻഡ് മാറ്റിംഗ്സ് സഹകരണ സംഘത്തിലെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപന ചടങ്ങായിരുന്നു അദ്ദേഹത്തിന്റെ അവസാന ഔദ്യോഗിക പരിപാടി. ചടങ്ങിൽ കയർഫെഡിന്റെ വക ഉപഹാരം സഹകരണ ടൂറിസം ദേവസ്വം വകുപ്പ്മന്ത്രി കടകംപള്ളി സുരേന്ദ്രൻ സമ്മാനിക്കുകയും പൊന്നാട അണിയിച്ച് അദ്ദേഹത്തെ ആദരിക്കുകയും ചെയ്തു.

രണ്ടാം കയർ പുനസംഘടനാ പദ്ധതി വിജയിപ്പിക്കുവാൻ മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിനോടൊപ്പം നിന്ന് ആത്മാർത്ഥമായി പ്രവർത്തിച്ച അദ്ദേഹം കയർഫെഡിന്റെ മാനേജിംഗ് ഡയറക്ടറുടെ ചുമതലയും ഇടക്കാലത്ത് നിർവഹിച്ചിരുന്നു. കയർഫെഡുമായി ഏറെ അടുപ്പം പുലർത്തിയിരുന്ന വകുപ്പ് മേധാവിയായിരുന്നു എൻ പത്മകുമാർ ഐ.എ.എസ്. കയർഫെഡിന്റെ വികസന പദ്ധതികൾ എല്ലാംതന്നെ അനുവദിച്ചു നൽകുന്നതിലും കയർ സംഭരണം, വിപണനം, ചകിരി സംഭരണം, ഗ്രാന്റ് സമയബന്ധിതമായി അനുവദിക്കുക തുടങ്ങി കയർഫെഡിന്റെ എല്ലാവിധ പ്രവർത്തനങ്ങളിലും അദ്ദേഹം വ്യക്തിപരമായി പ്രത്യേക താത്പര്യം എടുത്തിരുന്നു. ഡിസംബർ 29-ന് തിരുവനന്തപുരത്ത് വച്ച് കൂടിയ കയർഫെഡിന്റെ ഡയറക്ടർ ബോർഡ് യോഗത്തിലും കയർ വകുപ്പ് സെക്രട്ടറി എന്ന നിലയിൽ അദ്ദേഹം പങ്കെടുത്തിരുന്നു.

ധന-കയർ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് യോഗത്തിൽ സംബന്ധിച്ചിരുന്നു. കയർഫെഡിന്റെ പ്രവർത്തനങ്ങൾക്ക് അദ്ദേഹവും കയർ സെക്രട്ടറിയും വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

ഈ യോഗത്തിൽ കയർഫെഡിന്റെ സ്നേഹോപഹാരം മന്ത്രി ഡോ. ടി.എം. തോമസ് ഐസക് എൻ.പത്മകുമാർ ഐ.എ. എസിന് സമ്മാനിക്കുകയുണ്ടായി.

കയർ വികസന ഡയറക്ടർ, കയർ വകുപ്പ് സെക്രട്ടറി എന്നീ ചുമതലകൾക്കു പുറമെ ഗ്രാമ വികസന കമ്മീഷണർ, തദ്ദേശ സ്വയംഭരണ



*കടകംപള്ളി കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സംഘത്തിൽ നടന്ന ശിലാസ്ഥാപന ചടങ്ങിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ കയർ വകുപ്പ് സെക്രട്ടറി എൻ. പത്മകുമാർ ഐ.എ.എസിനെ പൊന്നാട അണിയിച്ച് ആദരിക്കുന്നു. കയർ ഫെഡ് ചെയർമാൻ അഡ്വ. എൻ. സായികുമാർ സമീപം*



*എൻ.പത്മകുമാർ ഐ.എ.എസിന് കയർഫെഡിന്റെ ഉപഹാരം കടകംപള്ളി കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘത്തിന്റെ കെട്ടിട നിർമ്മാണ ശിലാസ്ഥാപന ചടങ്ങിൽ സംസ്ഥാന സഹകരണ ടൂറിസം ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ സമ്മാനിക്കുന്നു. കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ, കയർ വികസന ഡയറക്ടറുടെ ചുമതല വഹിക്കുന്ന കെ.എസ്.പ്രദീപ്കുമാർ തുടങ്ങിയവർ സമീപം*

വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എന്നീ സുപ്രധാന പദവികളും അദ്ദേഹം വഹിച്ചിരുന്നു. കയർ കേരളയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ച കയർ ഭൂവസ്ത്ര വിതാനത്തിനുള്ള പദ്ധതി വിജയിപ്പിക്കുന്നതിലും അദ്ദേഹത്തിന്റെ പങ്ക് വളരെ വലുതാണ്.

കയർ ഭൂവസ്ത്ര വിതാനത്തിനുള്ള പദ്ധതി പ്രകാരം കേരളത്തിലെ 4 ജില്ലകളിൽ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിനുള്ള ചുമതല സർക്കാർ കയർഫെഡിനെയാണ് ഏൽപ്പിച്ചിരുന്നത്. ഇതനുസരിച്ച് ഈ ജില്ലകളിലെ ഗ്രാമ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രത്തിനുള്ള ഓർഡറുകൾ ലഭ്യമാക്കുന്നതിലും അതിന്റെ വില സമയബന്ധിതമായി ലഭ്യമാക്കുന്നതിലും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എന്ന നിലയിൽ അദ്ദേഹത്തിന്റെ ഇടപെടലുകളും സഹായങ്ങളും നല്ല നിലയിൽ കയർഫെഡിന് ലഭിച്ചിട്ടുണ്ട്.

കൂടാതെ ഗ്രാമ വികസന കമ്മീഷണർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ എന്നീ നിലകളിൽ ഒട്ടേറെ കാര്യങ്ങളിൽ അദ്ദേഹത്തിന്റെ വിലപ്പെട്ട സഹായ സഹകരണങ്ങൾ കയർഫെഡിന് ലഭിച്ചിട്ടുണ്ട്.



*എൻ.പത്മകുമാർ ഐ.എ.എസിന് കയർഫെഡിന്റെ ഉപഹാരം സംസ്ഥാന ധന കയർ വകുപ്പ് മന്ത്രി ഡോ.ടി.എം. തോമസ് ഐസക് സമ്മാനിക്കുന്നു. കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ, കയർഫെഡ് എക്സിക്യൂട്ടീവ് ഡയറക്ടർമാരായ എസ്.എൽ.സജികുമാർ, വി.എസ്.മണി, മാനേജിംഗ് ഡയറക്ടർ സി. സുരേഷ് കുമാർ, ജനറൽ മാനേജർ ബി.സുനിൽ തുടങ്ങിയവർ സമീപം*

ഡയറക്ടർ ഓഫ് ഇൻഡസ്ട്രീസ്, ആലപ്പുഴ ജില്ലാ കളക്ടർ, ലാൻഡ് ബോർഡ് സെക്രട്ടറി, ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ, കയർ വികസന ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ, കയർ വകുപ്പ് സെക്രട്ടറി എന്നീ ചുമതലകൾ ഉൾപ്പെടെ കേന്ദ്ര-സംസ്ഥാന സർവ്വീസുകളിലായി 36 വർഷത്തെ ദീർഘമായ സേവനത്തിനുശേഷമാണ് അദ്ദേഹം തന്റെ ഔദ്യോഗിക ജീവിതത്തിൽ നിന്നും പടിയിറങ്ങിയത്. മുഴുവൻ ബ്ലോക്ക് പഞ്ചായത്തുകളും ഐ.എസ്.ഒ നിലവാരത്തിൽ എത്തിച്ച ഇൻഡ്യയിലെ ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റിയതിൽ സംസ്ഥാന സർക്കാരിന്റെ ആദരവ് നേടുകയുണ്ടായി. കൂടാതെ ദേശീയ തലത്തിൽ സാഗി, ദിശ പദ്ധതിയുടെ നടത്തിപ്പിൽ സംസ്ഥാനത്തെ ഒന്നാമതെത്തിച്ചതിന് കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ അവാർഡും എന്നിവ അദ്ദേഹത്തിന് ലഭിക്കുകയുണ്ടായി. കയർ വികസന ഡയറക്ടർ, കയർ വകുപ്പ് സെക്രട്ടറി എന്നീ നിലകളിൽ എക്കാലവും ഓർമ്മിക്കുന്ന നിരവധി പ്രവർത്തനങ്ങൾക്കാണ് അദ്ദേഹം നേതൃത്വം വഹിച്ചത്.

ബഹുമുഖ വ്യക്തിത്വത്തിന് ഉടമയും കയർമേഖലയിലും ഔദ്യോഗിക രംഗത്തും നിറഞ്ഞു നിന്ന സൗമ്യസാന്നിദ്ധ്യമായിരുന്ന എൻ പത്മകുമാർ ഐ.എ.എസിന് സ്നേഹ ബഹുമാനങ്ങളോടെ എല്ലാവിധ ആശംസകളും നേരുന്നതായി കയർഫെഡ് ചെയർമാൻ പറഞ്ഞു.

പ്രിയപ്പെട്ട ജനപ്രതിനിധികളെ,

ഇപ്പോഴത്തെ കയർഫെഡ് ഭരണസമിതി അധികാരമേറ്റ ശേഷം കയർഫെഡ് ചില നൂതന ഉത്പന്നങ്ങൾ വിപണിയിൽ എത്തിച്ചിട്ടുണ്ട്. .കയർഫെഡ് വിപണിയിൽ എത്തിച്ച നൂതന ഉത്പന്നങ്ങളും അവയുടെ ഉപയോഗവും ഇവിടെ പരിചയപ്പെടുത്തുന്നു. പരിസ്ഥിതി സൗഹൃദമായ വിളവർധനയിലൂടെ നമ്മുടെ കാർഷിക മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്താൻ ഉതകുന്നതാണ് ഓരോ ഉത്പന്നവും. ഈ ഉത്പന്നങ്ങൾ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. പുതുതായി ചുമതലയേറ്റെടുത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളും ഇക്കാര്യത്തിൽ മുന്നോട്ട് വരണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം ഇതിനാവശ്യമായ എല്ലാ സഹകരണങ്ങളും കയർഫെഡ് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു.

അഡ്വ.എൻ.സായികുമാർ
ചെയർമാൻ, കയർഫെഡ്, 9847334042

# കൈ കോർക്കാം കയർഫെഡുമായി നിറകതിർ കൊയ്യാം പ്രകൃതിയോടൊത്ത്

**കേ**രള സർക്കാർ ഭക്ഷ്യ സ്വയം പര്യാപ്തതയ്ക്കായി സുഭിക്ഷ കേരളം പദ്ധതി പ്രഖ്യാപിച്ച പശ്ചാത്തലത്തിൽ നിരവധി പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങളാണ് കയർഫെഡ് വിപണിയിൽ എത്തിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തി ഈ ഉത്പന്നങ്ങൾ ജനങ്ങളിൽ എത്തിയ്ക്കുന്നതിൽ ഇതിനോടകം കയർഫെഡ് വിജയം വരിച്ചു കഴിഞ്ഞു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽനിന്നും ആവേശകരമായ പിന്തുണയും പ്രോത്സാഹനവുമാണ് ഈ ഉത്പന്നങ്ങൾക്ക് ലഭിച്ചു വരുന്നത്. സംസ്ഥാന സർക്കാരിൽ നിന്നും ഹരിത കേരളാ മിഷനൽ നിന്നും കയർ വകുപ്പിൽ നിന്നുമൊക്കെ മികച്ച പ്രോത്സാഹനവും അനുമോദനവും ലഭിച്ചിട്ടുള്ള ഉത്പന്നങ്ങളെ പരിചയപ്പെടുത്തുകയാണ് ഇവിടെ.

**1. അടുക്കള മാലിന്യങ്ങൾ വളമായി മാറ്റുന്ന ഇനോക്കുലേറ്റഡ് പിത്ത്**

അടുക്കള മാലിന്യങ്ങൾ സംസ്ക്കരിച്ച് കാർഷികാവശ്യങ്ങൾക്കുള്ള വളം നിർമ്മിക്കുന്ന കയർഫെഡിന്റെ നൂതന ഉത്പന്നമാണ് ഇനോക്കുലേറ്റഡ് പിത്ത്. പ്രത്യേകം സംസ്ക്കരിച്ച ബാക്ടീരിയൽ കൺസോർ



ഷ്യവും ആവശ്യമായ മറ്റു ചേരുവകളും സൂഷ്മ ജീവികളുടെ ആഹാരമായ ശർക്കര പാനിയും കൂടിചേർന്ന് പിത്ത് ആക്ടിവേറ്റർ ചകിരിച്ചോറുമായി അടുക്കള മാലിന്യം ചേർത്ത് ബയോബിന്നുകളിൽ നിക്ഷേപിച്ചാണ് ഫലഭൂയിഷ്ഠമായ കമ്പോസ്റ്റ് (ജൈവവളം) നിർമ്മിക്കുന്നത്. ഇതിനാവശ്യമായ പിത്ത് ആക്ടിവേറ്റർ

വികസിപ്പിച്ചെടുത്തത് സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എൻ.സി.ആർഎം.ഐ എന്ന കയർ ഗവേഷണ ഇൻസ്റ്റിട്ട്യൂട്ടാണ്. തിരുവനന്തപുരം കോർപ്പറേഷൻ ഉൾപ്പെടെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇനോക്കുലേറ്റഡ് പിത്ത് വിറ്റഴിക്കുന്നത്. കയർഫെഡിന്റെ ഉടമസ്ഥതയിലുള്ള മുനമ്പത്താണ് ഇതിന്റെ ഉത്പാദനം നടന്നു വരുന്നത്.




## 2. കൊക്കൊഫെർട്ട് എന്ന ചകിരിച്ചോർ ജൈവവളം

കാർഷികമേഖലയിൽ ഉപയോഗിക്കുന്നതിലേക്ക് കയർഫെഡ് വിപണിയിൽ ഇറക്കിയിട്ടുള്ള ജൈവവളമാണ് 'കൊക്കൊഫെർട്ട്'. ഏതുതരം മണ്ണിലും ഉപയോഗിക്കാവുന്നതും മണ്ണിന്റെ സുഷിരാവസ്ഥയെ മെച്ചപ്പെടുത്തി വേരോട്ടത്തെ സഹായിക്കുന്നതുമാണ് ഇത്.

അനേകം സുഷിരങ്ങളോടുകൂടിയ ഘടന ഉള്ളതിനാൽ ഈർപ്പം പരമാവധി സമയം സംഭരിച്ച് സൂക്ഷിക്കുവാൻ സാധിക്കും എന്ന ചകിരിച്ചോറിന്റെ മേൻമ കാർഷിക വിളവിനും ഏറെ സഹായിക്കുന്നു. പ്രകൃതിദത്തമായ ഹോർമോണുകളും എൻസൈമുകളും അടങ്ങിയിരിക്കുന്ന ഈ ഉത്പന്നം പ്രകൃതി സൗഹൃദവും കാർഷിക വിളകൾക്ക് ഉത്തമവുമാണ്. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി ചകിരിച്ചോറിൽ നിന്നുള്ള ജൈവവളവും ചകിരി നാരും കയർഫെഡിൽ നിന്നും വാങ്ങുന്നതിന് ഗവൺമെന്റ് ഉത്തരവും ഉള്ളതാണ്. എറണാകുളം ജില്ലയിലെ മുനമ്പം, ആലപ്പുഴ ജില്ലയിലെ കരപ്പുറം, തൃശ്ശൂർ ജില്ലയിലെ തുമ്പൂർ എന്നീ നിർമ്മാണ യൂണിറ്റുകളിലാണ് ഇതിന്റെ ഉത്പാദനം നടക്കുന്നത്.

## 3. വിളവർദ്ധനയ്ക്ക് പിത്ത് ബ്രിക്കറ്റ്

കയർ പിത്ത് ഉപയോഗിച്ച് നിർമ്മിക്കുന്ന നൂറു ശതമാനം പ്രകൃതി സൗഹൃദ ഉത്പന്നമാണ് പിത്ത് ബ്രിക്കറ്റ്. അഞ്ച് മുതൽ എട്ട് വരെ ഇരട്ടി വെള്ളം സംഭരിച്ച് വെയ്ക്കാനുള്ള ചകിരിച്ചോറിന്റെ കഴിവാണ് പിത്ത് ബ്രിക്കറ്റ് എന്ന ഉത്പന്നത്തിന്റെ പ്രത്യേകത. ഉണക്കി അരിച്ചെടുത്ത് പ്രത്യേക അളവുകളിൽ ലഭിക്കുന്ന കംപ്രസ്സ് ചെയ്ത ബ്ലോക്കുകളാണ് കയർ പിത്ത് ബ്രിക്കറ്റുകൾ. ഇത് കൃഷിയിടങ്ങളിൽ മണ്ണിന്റെ ഈർപ്പം നിലനിർത്തി കാർഷിക വിളകളുടെ വർദ്ധനയ്ക്ക്



സഹായിക്കുന്ന ഒരു ഉത്തമ ഉത്പന്നമാണ്. ആലപ്പുഴ ജില്ലയിലെ കരപ്പുറത്താണ് ഇപ്പോൾ ഇതിന്റെ ഉത്പാദനം നടക്കുന്നത്. പിത്ത് ബ്രിക്കേറ്റിന്റെ മറ്റൊരു യൂണിറ്റ് ആരംഭിക്കുന്നതിന് പാലക്കാട് ജില്ലയിലെ നടുപുണിയിൽ ജി.എസ്.ടി വകുപ്പിന്റെ കീഴിലുള്ള സ്ഥലം കയർഫെഡിന് വിട്ടുതന്നിട്ടുണ്ട്. അവിടെ പിത്ത് ബ്രിക്കേറ്റ് യൂണിറ്റിന്റെ രണ്ടാമത്തെ യൂണിറ്റ് ഉടൻ ആരംഭിക്കുന്നതാണ്.

## 4. നന നന്നാകാൻ മൾച്ചിംഗ് കൃഷി

കയർഫെഡിന്റെ ചകിരിമില്ലുകളിൽ നിന്നും ലഭിക്കുന്ന കുട്ടി ചകിരിയും സ്വാഭാവിക റബർ മിശ്രിതവും



ഉപയോഗിച്ച് നിർമ്മിക്കുന്ന കയർ മൾച്ചിംഗ് മെറ്റീരിയൽ കാർഷിക മേഖലയിൽ വ്യാപകമായി ഉപയോഗിക്കുവാൻ കഴിയുന്ന ഒരു ഉത്പന്നമാണ് പുതുതായി നടുന്ന കാർഷിക വിളകൾക്ക്. തുടക്കത്തിൽ ആവശ്യമായത്ര വെള്ളം തുല്യമായി ലഭിക്കുന്നതിന് അവയുടെ ചുവട്ടിൽ ഒരാവരണമായി ഉപയോഗിക്കാവുന്ന പ്രകൃതി സൗഹൃദമായ ഉത്പന്നമാണ് കയർ മൾച്ചിംഗ് മാറ്റുകൾ.

പ്രകൃതിദത്തമായ നാരുകളാൽ നിർമ്മിക്കുന്നതിനാൽ ഇത് മണ്ണിൽ കാലക്രമേണ ലയിച്ച് ചേരുന്നതിനാൽ യാതൊരു പരിസ്ഥിതി പ്രശ്നവും ഉണ്ടാക്കുന്നില്ല. കൃത്യതാ കൃഷിയ്ക്ക് വളരെ അനുയോജ്യമായ ഉത്പന്നം കൂടിയാണിത്. ഇതിന്റെ ഉത്പാദനവും കയർഫെഡ് ആരംഭിച്ചിട്ടുണ്ട്.



അനൂപ് ദേവസ്യ

# കയർ ദേശീയ ശ്രദ്ധ

## പ്രത്യേക 'കയർ കവർ' തപാൽ വകുപ്പ് പുറത്തിറക്കി

കേരളത്തിന്റെ സുവർണ്ണ നാരിന് ദേശീയ ശ്രദ്ധ നേടിക്കൊടുത്ത് കൊണ്ടാണ് 2021 ന്റെ തുടക്കം. ഈ ജനുവരിയിൽ റിപ്പബ്ലിക് ദിന പരേഡിൽ കയർ ഇതിവൃത്തമായുള്ള ഫ്ളോട്ട് അവതരിപ്പിച്ചതും തപാൽ വകുപ്പ് കയറുകൊണ്ടുണ്ടാക്കിയ പ്രത്യേക തപാൽക്കവർ പുറത്തിറക്കിയതും ഇതിന്റെ നേർ സാക്ഷ്യമാണ്.

രണ്ടുഭാഗങ്ങളായിട്ടായിരുന്നു റിപബ്ലിക്ദിന പരേഡ് ഫ്ളോട്ട് തയാറാക്കിയിരുന്നത്. മുൻഭാഗത്ത് തേങ്ങയുടെയും തൊണ്ടിന്റെയും ചകിരിയുടെയും പശ്ചാത്തലത്തിൽ കേരളത്തിലെ പരമ്പരാഗത കയർ നിർമ്മാണ ഉപകരണമായ റാട്ടും കയർ പിരിക്കുന്ന ഗ്രാമീണ സ്ത്രീകളെയുമാണ് ചിത്രീകരിച്ചിരുന്നത്. കേരളത്തിന്റെ കായൽ പ്രദേശങ്ങളിൽ കാണപ്പെടുന്ന മണൽത്തിട്ടയും കായലിലേയ്ക്ക് ചാഞ്ഞുനിൽക്കുന്ന പ്രവർത്തിക്കുന്ന ചീനവലയും കരയിൽ കായ്ച്ചു നിൽക്കുന്ന തെങ്ങുകളുമായിരുന്നു ഫ്ളോട്ടിന്റെ പശ്ചാത്തലം. മണൽത്തിട്ടയിൽ പ്രതീകാത്മകമായി ഉയർന്നു നിൽക്കുന്ന കരിക്കുമാതൃകയുടെ ചാരെ തൊണ്ടുതല്ലുന്ന സ്ത്രീകളും വശങ്ങളിൽ വിവിധ പാകത്തിലുള്ള തേങ്ങകളും ഫ്ളോട്ടിന്റെ ദൃശ്യചാരുത കൂട്ടി.

കേരളത്തിന്റെ നാടോടി വിജ്ഞാനീയത്തിൽ ഏറെ പ്രാധാന്യമുള്ള, കുരുത്തോല വസ്ത്രമായും അലങ്കാരമായും മാറുന്ന തെയ്യവും ഫ്ളോട്ടിന് മിഴിവേകി. കയറും തെങ്ങുത്പന്നങ്ങളും കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യവുമായി എങ്ങനെ ഇഴചേർന്നിരിക്കുന്നു എന്നതാണ് കേരളം ഫ്ളോട്ടിലൂടെ പറഞ്ഞത്. കേരള സംസ്കാരത്തിന്റെ രൂപകമായാണ് കയർ മാറുന്നത്. മണ്ണൊലിപ്പു തടയുന്നതിന് കയർഭൂവസ്ത്രം വിരിച്ച രീതിയിലായിരുന്നു ടാബ്ലോയുടെ പിൻവശത്തെ ഭൂഭാഗം. 12 കലാകാരന്മാരാണ് ഫ്ളോട്ടിന് വാദ്യവും തെയ്യവും ചീനവലയുമൊരുക്കിയത്. പ്രശസ്ത ടാബ്ലോ ആർട്ടിസ്റ്റ് ബപ്പാദിത്യ ചക്രവർത്തിയാണ് കേരളത്തിന്റെ ഫ്ളോട്ട് നിർമ്മിച്ചത്.

ചെണ്ടവാദ്യത്തിന്റെ അകമ്പടിയോടെ തോറ്റം ശൈലിയിലുള്ള പശ്ചാത്തല സംഗീതം ഒരുക്കിയത് ശ്രീവത്സൻ ജെ. മേനോനാണ്. കേരള ഹൗസ് ഇൻഫർമേഷൻ ഓഫീസർ സിനി കെ. തോമസിനായിരുന്നു ഫ്ളോട്ടിന്റെ മേൽനോട്ടച്ചുമതല. സജീവ് പാഴൂരായിരുന്നു ഫ്ലോട്ട് അഡ്വൈസർ.

ഇതിനും പുറമേയാണ് പരമ്പരാഗത കയറു



# ആകർഷിച്ച ജനുവരി

## റിപ്പബ്ലിക്ദിന പരേഡിൽ കയർമേഖല പ്രമേയമാക്കിയ ഫ്ളോട്ട്



ത്പന്നങ്ങളുടെ പറുദീസയായ ആലപ്പുഴയിൽ കയർ കൊണ്ട് നിർമ്മിച്ച പ്രത്യേക തപാൽ കവറിന്റെ പ്രകാശനം ജനുവരിയിൽ നടന്നത്.

വേമ്പനാട്ടുകായൽ ബ്രാഞ്ച് പോസ്റ്റ് ഓഫീസിലാണ് പ്രകാശനം നടന്നത്. മുപ്പത്തിയഞ്ച് ശതമാനത്തോളം കയറും മറ്റ് തെങ്ങുത്പന്നങ്ങളും ചേർത്താണ് ഈ പ്രത്യേക കവർ തപാൽ വകുപ്പ് പുറത്തിറക്കിയിട്ടുള്ളത്. ന്യൂഡൽഹി പോസ്റ്റൽ സർവീസസ് ബോർഡ് സെക്രട്ടറിയും ചെയർമാനുമായ പ്രദീപ്തകുമാർ ബിസോയി, കേരള സർക്കിൾ ചീഫ് പോസ്റ്റ്മാസ്റ്റർ ജനറൽ വിരാജരാജന് നൽകിയാണ് കവർ പ്രകാശനം ചെയ്തത്.

പോസ്റ്റ് ഓഫീസിന്റെ എതിർ കരയിൽ നിന്നും നാടൻ വള്ളത്തിലാണ് കവർ കൊണ്ടു വന്നത്. താലത്തിലാക്കിയ കവർ പ്രത്യേകം സജ്ജീകരിച്ച ഹൗസ് ബോട്ടിൽ എത്തിച്ചാണ് പ്രകാശനം ചെയ്തത്. മധ്യമേഖലാ പോസ്റ്റുമാസ്റ്റർ മറിയാമ്മ തോമസും മധ്യമേഖലാ പോസ്റ്റൽ സർവീസ് ഡയറക്ടർ ഗോപിനാഥും ആലപ്പുഴ പോസ്റ്റൽ സൂപ്രണ്ട് സ്മിതാ സാഗറും ചടങ്ങിൽ പങ്കെടുത്തിരുന്നു.

# വി.ആർ.വിനോദ് ഐ.എ.എസ് പുതിയ കയർ വികസന ഡയറക്ടർ

കയർ വികസന ഡയറക്ടറായി വി.ആർ.വിനോദ് ഐ.എ.എസ് ചുമതലയേറ്റു. ഗ്രാമവികസന കമ്മീഷണറുടെ ചുമതലയും ആദ്ദേഹത്തിനാണ്. സംസ്ഥാന കയർ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും ഗ്രാമവികസന കമ്മീഷണറുമായ എൻ. പത്മകുമാർ ഐ.എ.എസ് ഡിസംബർ 31 ന് വിരമിച്ചിരുന്നു. ഇതിനെതുടർന്നാണ് സർക്കാർ പുതിയ കയർ വികസന ഡയറക്ടറെയും ഗ്രാമവികസന കമ്മീഷണറെയും നിയമിച്ചത്.



വി.ആർ. വിനോദ് നിലവിൽ തിരുവനന്തപുരം എ.ഡി.എം ആയി സേവനമനുഷ്ഠിച്ചുവരികയായിരുന്നു. സംസ്ഥാന സർവ്വീസിൽ നിന്നും പുതിയതായി ഐ.എ.എസ് ലഭിച്ച മൂന്ന് പേരിൽ ഒരാളാണ് വി.ആർ. വിനോദ്. 2009 ൽ റവന്യൂവകുപ്പിൽ ഡെപ്യൂട്ടി കളക്ടർ ആയി സർവ്വീസിൽ പ്രവേശിച്ച അദ്ദേഹം ഇടുക്കി, അടൂർ, കൊല്ലം എന്നിവിടങ്ങളിൽ ആർ.ഡി.ഒ യും പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ എ.ഡി.എം ആയും ആലപ്പുഴയിൽ ഡെപ്യൂട്ടി കളക്ടർ, അസിസ്റ്റന്റ് കമ്മീഷണർ തുടങ്ങിയ തസ്തികകളിലും ജോലി ചെയ്തിരുന്നു.

ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദധാരിയായ വിനോദ് തിരുവനന്തപുരം സ്വദേശിയാണ് ഐ.എ.എസ് പദവി ലഭിച്ച് പുതിയ കയർ വികസന ഡയറക്ടറും ഗ്രാമവികസന കമ്മീഷണറായും ചുതലയേറ്റ വി.ആർ. വിനോദ് ഐ.എ.എസിന് കയർഫെഡ് ചെയർമാൻ അഡ്വ.എൻ.സായികുമാർ ആശംസകൾ അറിയിക്കുകയും ചെയ്തു.



*72-ാമത് റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് കയർഫെഡ് ഹെഡാഫീസിൽ കയർഫെഡ് വൈസ് പ്രസിഡന്റ് ജോഷി എബ്രഹാം പതാക ഉയർത്തുന്നു.*

# പ്രത്യേക ക്യാഷ് പ്രൈസ്

കയർഫെഡിന്റെ മുഖമാസികയായ കയർ വ്യവസായം 1998 മുതലാണ് പ്രസിദ്ധീകരണം ആരംഭിച്ചത്. പിന്നീട് കുറെക്കാലം പ്രസിദ്ധീകരണം നിലച്ചിരിക്കുകയായിരുന്നു. ഇപ്പോൾ കെട്ടിലും മട്ടിലും പുതുമയോടുകൂടി മാസിക പ്രസിദ്ധീകരിച്ചു വരുന്നു. വാർഷിക വരിസംഖ്യ 400 രൂപയാണ്. 20 വർഷങ്ങൾക്കു മുൻപുള്ള ലക്കങ്ങൾ കൈവശമുള്ളവർക്ക് കയർഫെഡ് ഭാഗ്യസമ്മാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. നിങ്ങളുടെ കൈവശമുള്ള കയർ വ്യവസായം മാസികയുടെ പഴയ ലക്കം നൽകുന്നവർക്ക് മാസികയുടെ ഒരു വർഷത്തേക്കുള്ള സൗജന്യ വരിസംഖ്യയും 500 രൂപ പ്രത്യേക ക്യാഷ് പ്രൈസും നൽകുന്നതാണ്. ഈ സൗജന്യം പരിമിതകാലത്തേക്ക് മാത്രം. വിശദവിവരങ്ങൾക്ക് ഉടനടി ബന്ധപ്പെടുക.

**മാനേജിംഗ് എഡിറ്റർ, കയർവ്യവസായം**
**കയർഫെഡ്, പി.ബി.നമ്പർ.4616, ആലപ്പുഴ-688012**
**ഫോൺ-0477 2243628, 8281009833**

# എൻ. പത്മകുമാർ ഐ.എ.എസ് (റിട്ട.) നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു

കയർമേഖലയിൽ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനുള്ള സ്പെഷ്യൽ ഓഫീസറായി എൻ. പത്മകുമാർ ഐ.എ.എസി (റിട്ട.)നെ ഒരു വർഷത്തേക്ക് സർക്കാർ നിയമിച്ചു.



കയർമേഖലയിലെ സ്ഥാപനങ്ങലുടെ പുനരുദ്ധാരണം അടിയന്തിരമായി നടത്തേണ്ടത് പരമ്പരാഗത കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ഉന്നമനത്തിന് അത്യന്താപേക്ഷിതമാണ്. ഈ മേഖലയിലെ പ്രശ്നങ്ങൽ പരിഹരിക്കാൻ സർക്കാരിനുവേണ്ട ശുപാർശകൾ നൽകുന്നതിനും സർക്കാർ നിർദേശങ്ങൾ നടപ്പിലാക്കുന്നതിനുമാണ് ഈ വിഷയത്തിൽ അവഗാഹമുള്ള മുൻ കയർവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായിരുന്ന എൻ. പത്മകുമാർ ഐ.എ.എസ് (റിട്ട)നെ സർക്കാർ സ്പെഷ്യൽ ഓഫീസരായി നിയമിച്ചത്.

# കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി ആറുകോടി രൂപ അനുവദിച്ചു

സംസ്ഥാനത്തെ കയർ ഉത്പാദനം 7800 ടണ്ണിൽ നിന്നും നടപ്പുവർഷം 40,000 ടണ്ണായി ഉയർത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. രണ്ടാം കയർ പുനഃസംഘടനാപദ്ധതിയുടെ ഭാഗമായി കയർ സഹകരണ മേഖലയിൽ സമൂലമായ യന്ത്രവത്കരണം നടപ്പിലാക്കുകയാണ്. ഇതിന്റെ ഭാഗമായി 100 സഹകരണ സംഘങ്ങളിൽ 2000 യന്ത്രവത്കൃത കയർപിരി മെഷീനുകൾ നൽകി കഴിഞ്ഞു. രണ്ടാംഘട്ടത്തിൽ 100 സംഘങ്ങളിൽ കൂടി യന്ത്രവത്കൃത സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന ജോലികൾ പുരോഗമിക്കുകയാണ്.

ഇത്തരത്തിൽ സർക്കാർ വിഭാവനം ചെയ്യുന്ന രീതിയിൽ കയർ ഉത്പാദനം വർദ്ധിപ്പിക്കണമെങ്കിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം അത്യാവശ്യമാണ്. ഈ സാഹചര്യത്തിലാണ് കയർ സംഘങ്ങൾക്ക് സർക്കാർ പ്രവർത്നമൂലധനമായി ആറുകോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുള്ളത്. ഇതുപ്രകാരം പ്രാഥമിക കയർ പിരി സംഘങ്ങൾക്കും മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും പരമാവധി ആറുലക്ഷം രൂപയും ചെറുകിട കയർ ഉത്പാദന സംഘങ്ങൾക്ക് മൂന്നുലക്ഷം രൂപയും വീതമാണ് പ്രവർത്തനമൂലധനം ലഭിക്കുക. മറ്റ് പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് നിബന്ധനകൾക്ക് വിധേയമായി. 1.50 ലക്ഷം രൂപ പ്രവർത്തനമൂലധനം നൽകുന്നതിനും അനുമതിയായിട്ടുണ്ട്.

കയർഫെഡിലോ കയർ കോർപ്പറേഷനിലോ ചേർന്നിട്ടുള്ള പുതിയതായി രൂപീകരിച്ച് സംഘങ്ങൾക്കും



ഒരുലക്ഷം രൂപവരെ പ്രവർത്തന മൂലധനം ലഭിക്കുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്നു.

# ഇൻഡ്യയൊട്ടാകെയുള്ള കയർഫെഡ് സ്വന്തം ഷോറൂമുകൾ

| Sl No | COIRFED Showrooms | Mobile(CUG) | Phone No. | e-mail address |
|---|---|---|---|---|
| 1 | Alappuzha | 8281009856 | 9847472870 | |
| 2 | Ananthapuri | 8281009847 | 0471-2327090 | coirfed.ananthapurisrm@gmail.com |
| 3 | Chalakudy | 8281009859 | 0480-2702916 | coirfed.chalakudysrm@gmail.com |
| 4 | Chengannur | 8281009854 | 0479-2453034 | coirfedchengannursrm@gmail.com |
| 5 | Ernakulam | 8281009858 | 0484-2367508 | coirfed.ernakulamsrm@gmail.com |
| 6 | Kannur | 8281009864 | 0497-2707108 | |
| 7 | Kayamkulam | 8281009850 | 0479-2446335 | coirfedsrmkylm@gmail.com |
| 8 | Kollam | 8281009849 | 0474-2748954 | coirfed.kollamsrm@gmail.com |
| 9 | Kottayam | 8281009857 | 0481-2303279 | |
| 10 | Kozhikkode | 8281009863 | 0495-2549105 | |
| 11 | Malappuram | 8281009862 | 0483-2731806 | |
| 12 | Mavelikkara | 8281009852 | 0479-2343104 | coirfedsrmmavelikara@gmail.com |
| 13 | Nangyarkulangara | 8281009853 | 0479-2412219 | |
| 14 | Narmada | 8281009845 | 0471-2436956 | narmadacoirfed@gmail.com |
| 15 | Palakkad | 8281009826 | 0491-2546451 | coirfedsrmplkd@gmail.com |
| 16 | Parippally | 8281009848 | 0474-2576111 | |
| 17 | Pathanamthitta | 8281009873 | | |
| 18 | Sulthan Bathery | 8281009865 | 04936-265607 | |
| 19 | Sreekariyam | | 9349109251 | |
| 20 | Thirur | 8281009861 | 0494-2421441 | |
| 21 | Thrissur | 8281009860 | 0487-2323723 | coirfed.thrissursrm@gmail.com |
| 22 | Trida | 8281009846 | 0471-2328841 | coirfed.tridasrm@gmail.com |
| 23 | Ahmedabad | 09028073347 | 079-22122858 | |
| 24 | Ajmeer | 08769233721 | 0145-2620607 | |
| 25 | Amaravathy | 09421739326 | 0721-2576304 | |
| 26 | Amritsar | 09958272064 | 0183-2557747 | |
| 27 | Bhavanagar | 9497757231 | 0278-2516620 | |
| 28 | Bhopal | 09303964488 | 0755-2745923 | |
| 29 | Calcutta | 09163342270 | 033-22353029 | |
| 30 | Chennai | 09633428848 | 044-28511938 | coirfedchennai@gmail.com |
| 31 | Delhi I | 09958272064 | 011-22544026 | |
| 32 | Delhi II | 09958272064 | | |
| 33 | Indore | 09826537574 | 0731-2469889 | coirfedindorsrm@gmail.com |
| 34 | Gauhati | 07319562716 | 0361-2544845 | coirfedguwahati@gmail.com |
| 35 | Jabalpur | 09450159009<br>0761-5007765 | - 07024347446 | |
| 36 | Jaipur | 09950838171 | 0141-2319806 | |
| 37 | Kolhapur | 07447330259 | 0231-2652003 | coirfedkolhapur@gmail.com |
| 38 | Kota | 09461700558 | 0744-2360952 | coirfed.kotasrm@gmail.com |
| 39 | Ludhiana | 09958272064 | 0161-2728238 | |
| 40 | Nagpur | 09422857737 | 0712-2768605 | coirfednagpur@gmail.com |
| 41 | Pondichery | 09633428848 | 0413-2333573 | coirfedpondicherry@gmail.com |
| 42 | Siliguri | 07319562716 | 0353-2430407 | |
| 43 | Surat I | 9497757231 | 0261-2438673 | |
| 44 | Trichy | 09750125580 | 09750125580 | |
| 45 | Pandurna | 09422857737 | 0716-4220183 | |
| 46 | Chapra | 09939066693 | 08986369244 | |
| 47 | Warud | 09421739326 | 0722-9234223 | |



# ആദരാഞ്ജലി


**അ**ഴൂർ മുട്ടപ്പലം കയർ വ്യവസായ സഹകരണ സംഘത്തിലെ തൊഴിലാളിയായിരുന്നു എസ്. രാജി (42). തൊഴിലെടുക്കുന്നതിനിടയിൽ സ്പിന്നിംഗ് മെഷീനിൽ ഷാൾ കുരുങ്ങിയാണ് രാജിക്ക് ദാരുണാന്ത്യമുണ്ടായത്. ആദ്യം സ്വകാര്യ ആശുപത്രിയിലും തുടർന്ന് മന്ത്രി തോമസ് ഐസക്കിന്റെ ഇടപെടലിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലും പ്രവേശിപ്പിച്ചെങ്കിലും ചികിത്സയ്ക്കിടെ ഹൃദയാഘാതം മൂലം മരിക്കുകയായിരുന്നു.

ഭർത്താവ്: അജീഷ്. മകൾ: അശ്വതി. രാജിയുടെ ആകാലനിര്യാണത്തിൽ ബന്ധുമിത്രാദികൾക്കൊപ്പം കയർഫെഡും കയർവ്യവസായം മാസികയും ദുഃഖം പങ്കിടുന്നു.

## കോവിഡ് കാലത്തും കയർഫെഡ് വികസന കുതിപ്പിൽ

# സംഭരണത്തിലും വിപണനത്തിലും സർവകാല റെക്കോർഡ്

**ഇ**ടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയർഫെഡിന്റെ കയർ സംഭരണത്തിലും വിപണനത്തിലും വിറ്റുവരവിലും സർവ്വകാല റെക്കോർഡ് നേട്ടമാണ് കൈവരിക്കാനായത്. ഈ സർക്കാർ അധികാരമേൽക്കുമ്പോൾ 2015-16ൽ കയർ സംഭരണം 78,820 ക്വിന്റലും വിപണനം 70,295 ക്വിന്റലുമായിരുന്നു. പിണറായി വിജയൻ സർക്കാരിൽ കയർ വകുപ്പിന്റെ ചുമതല ഏറ്റെടുത്ത ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ കയർ വ്യവസായത്തെ ഒന്നാമതാക്കാൻ നടപ്പിലാക്കിയ രണ്ടാം കയർ പുനസംഘടനാ പദ്ധതിയുടെ ഫലമായി കയർ ഉൽപ്പാദനവും വിപണനവും ഓരോ വർഷവും ക്രമാനുഗതമായി വർദ്ധിച്ച് ഈ വർഷം 4 ലക്ഷം ക്വിന്റൽ എന്ന ലക്ഷ്യത്തോട് അടുക്കുകയാണ്. ഇതനുസരിച്ച് കയർഫെഡിന്റെ വിറ്റുവരവിലും വർദ്ധനവ് ഉണ്ടായി. 2015-16 ൽ കയർഫെഡിന്റെ വിറ്റുവരവ് 58.85 കോടിയായിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം അത് 126 കോടിയായി ഉയർന്നു. നടപ്പു വർഷം ഇതിലും കൂടുമെന്നാണ് പ്രതീക്ഷിക്കുന്നത്.



**2011-12 മുതൽ 2015-15 വരെയുള്ള മുൻ സർക്കാരിന്റെ 5 വർഷക്കാലത്തെ സംഭരണവും വിപണനവും**

കയർ സംഭരണം -341570 ക്വിന്റൽ
കയർ വിപണനം-320308 ക്വിന്റൽ
വിറ്റുവരവ് -270.04 കോടി

**16-17 മുതൽ 2020-21 (ജനുവരി വരെ) വരെയുള്ള ഈ സർക്കാരിന്റെ കാലത്തെ സംഭരണവും വിപണനവും**

കയർ സംഭരണം -727635 ക്വിന്റൽ
കയർ വിപണനം-729659 ക്വിന്റൽ
വിറ്റുവരവ് -544.58 കോടി



# കടകംപള്ളി സംഘത്തിന് പുതിയ കെട്ടിടം

## മന്ത്രി കടകംപള്ളി സുരേന്ദ്രൻ ശിലാസ്ഥാപനം നടത്തി

**തി**രുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് കയർ പ്രോജക്ടിനു കീഴിലുള്ള കടകംപള്ളി കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ടി. 891ന്റെ പുതുതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം സംസ്ഥാന സഹകരണ ടൂറിസം- ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവ്വഹിച്ചു. ചടങ്ങിൽ അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ അദ്ധ്യക്ഷത വഹിച്ചു.

### കയർ വ്യവസായം പുനർജനിക്കുന്നു: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

**ആ**ധുനിക കാലഘട്ടത്തിനനുസരിച്ച് കയർ വ്യവസായം പുനർജ്ജനിക്കുകയാണെന്നും പുതിയ കാലത്തിന് അനുസരിച്ചുള്ള സാങ്കേതിക നവീകരണമാണ് കയർ മേഖലയിൽ നടപ്പിലാക്കി വരുന്നതെന്നും മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു. ഇത് പുതുതല മുറയെ ഈ രംഗത്തേക്ക് ആകർഷിക്കുവാൻ പര്യാപ്തമാണ്. ഇതിന്റെ ഫലമായി കയർമേഖലയിൽ ഇക്കഴിഞ്ഞ നാലരയിലേറെ വർഷത്തിനുള്ളിൽ സംസ്ഥാനത്ത് വലിയ മാറ്റമാണ് സർക്കാരിന്റെ നേതൃത്വത്തിൽ വരുത്തുവാൻ കഴിഞ്ഞതെന്നും അദ്ദേഹം കൂട്ടി ചേർത്തു.

ഒരുകാലത്ത് കയറിന്റെ റാട്ട് തിരിക്കുന്ന ശബ്ദത്താൽ മുഖരിതമായിരുന്ന ഒരു പ്രദേശമായിരുന്നു കടകംപള്ളി. അക്കാലത്ത് പ്രദേശവാസികളുടെ ജീവിതം മുന്നോട്ടുകൊണ്ടുപോകുവാൻ ഏറെ സഹായിച്ചിരുന്ന വ്യവസായമാണ് കയർ. എന്നാൽ പിൽക്കാലത്ത് കയർ വ്യവസായം വളരെയധികം പിന്നാക്കം പോയി. കയർ വ്യവസായത്തിൽ പൊതുവേ ഉണ്ടായിട്ടുള്ള തകർച്ചയും ക്ഷീണവും ഈ പ്രദേശത്തെ കയർ വ്യവസായത്തെയും ബാധിച്ചു എന്നുവേണം കരുതാൻ. എന്നാൽ ഇന്ന് കയർഫെഡും കയർ കോർപ്പറേഷനും കയർ വകുപ്പും, കയറിനെ അങ്ങേയറ്റം സ്നേഹിക്കുന്ന വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ കയർ വ്യവസായത്തിൽ രണ്ടാം കയർ പുനസംഘടനാ പദ്ധതിയിലൂടെ വലിയ മുന്നേറ്റം സൃഷ്ടിക്കുകയാണ്. കയറിനുവേണ്ടി എന്തും ചെയ്യുവാൻ തയാറാകുന്ന കയർ വകുപ്പ് മന്ത്രിയുടെ ശ്രമഫലമായി ആലപ്പുഴയിൽ കയറിന്റെ മ്യൂസിയം ഒരുങ്ങികഴിഞ്ഞെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കടകംപള്ളി കയർ മാറ്റ്സ് ആൻഡ് മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം നമ്പർ ടി.891നായി പുതുതായി നിർമ്മിക്കുന്ന കെട്ടിടം കടകംപള്ളി നിവാസികളുടെ ചിരകാലാഭിലാഷമാണ് സാക്ഷാത്ക്കരിക്കുന്നത്. കയർ വകുപ്പ് സെക്രട്ടറിയായ എൻ.പത്മകുമാർ ഐ.എ.എസിന്റെ ഇടപെടലും സഹായവും ഈ സംഘത്തിന് ആവശ്യമായ സ്ഥലം ലഭിക്കുന്നതിൽ വളരെ സഹായിച്ചിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സംഘമാണ് ഈ കെട്ടിടത്തിന്റെ നിർമ്മാണകരാർ ഏറ്റെടുത്തിട്ടുള്ളത്. അവർ സംസ്ഥാനത്തെ വലിയ നിർമ്മാണകരാറുകൾ എന്നും നല്ല നിലയിൽ വളരെ വേഗം പൂർത്തീകരിച്ചു തരുന്ന സ്ഥാപനമാണെന്നും മന്ത്രി പറഞ്ഞു.

### സാങ്കേതിക വിദ്യയിലൂടെ മുന്നേറണം: ആനത്തലവട്ടം ആനന്ദൻ

അപ്പക്സ് ബോഡി ഫോർ കയർ വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. മറ്റെല്ലാ രംഗത്തുമെന്നതുപോലെ കയർ മേഖലയിലും സാങ്കേതിക വിദ്യയുടെ സഹായത്തോടെ വൻകിട കയർ ഉത്പന്ന നിർമ്മാണ ഫാക്ടറികൾ കടന്നു വന്നു. പരമ്പരാഗത തൊഴിലാളികൾ ഉത്പാദിപ്പിക്കുന്നതിനെക്കാൾ നൂറിരട്ടി ഉത്പന്നങ്ങൾ നിർമ്മിക്കുവാൻ കഴിയുന്ന യന്ത്രങ്ങൾ വന്നതോടുകൂടി പരമ്പരാഗത തൊഴിലാളികൾ പ്രതിസന്ധിയിലായി. സാങ്കേതിക വിദ്യയോട് മത്സരിച്ചു വേണം തൊഴിലാളികളുടെ തൊഴിൽ സംരക്ഷിക്കേണ്ടത്. സംഘങ്ങളിൽ തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലിയും മറ്റാനുകൂല്യങ്ങളും നൽകുന്നതിനാൽ അവ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനെ തരണം ചെയ്യുവാനാണ് സർക്കാർ സംഘങ്ങൾക്ക് പണം നൽകുന്നത്. ഇങ്ങനെ കയർ സംഘങ്ങൾക്ക് സർക്കാർ പണം നൽകുന്നതുകൊണ്ടാണ് തൊഴിലാളികളുടെ തൊഴിലും കൂലിയം വ്യവസായവും സംരക്ഷിക്കപ്പെടുന്നത്.എന്നാൽ ഇതിനെ ചിലർ കാര്യമറിയാതെ വിമർശിക്കുകയാണ്. സഹകരണ മേഖലയിലും ഇപ്പോൾ സർക്കാർ യന്ത്രവത്ക്ക



രണം നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഫലമായി തൊഴിലാളികളുടെ അധ്വാനഭാരം ലഘൂകരിച്ച് മെച്ച പ്പെട്ട കൂലിയും മറ്റാനുകൂല്യങ്ങളും ലഭ്യമാക്കുവാൻ കഴിയുന്നുണ്ട്.

മുൻപ് ഒരു തൊഴിലാളി കഷ്ടപ്പെട്ട് കയർ പിരിച്ചാൽ ഒരു ദിവസം 5 കിലോഗ്രം കയറാണ് ഉത്പാദിപ്പിക്കു വാൻ കഴിഞ്ഞിരുന്നത്. എന്നാൽ യന്ത്രത്തിന്റെ സഹാ യത്തോടുകൂടി ഇത് ഇന്ന് 50-60 കിലോഗ്രാമായി വർ ദ്ധിച്ചു. ഇലക്ട്രോണിക് റാട്ടുകൾ വീടുകളിൽ കൊടുത്ത് യൂണിറ്റടിസ്ഥാനത്തിൽ കയർ പിരിച്ചു വരുന്നുണ്ട്. ഈ കയറുപയോഗിച്ച് വിവിധ ഉത്പന്നങ്ങൾ ഈ സംഘം ഉത്പാദിപ്പിച്ചു വരുന്നുണ്ട്. ഈ ഉത്പന്നങ്ങൾ കയർ ഫെഡ് യഥാസമയം വാങ്ങുന്നതിനാൽ അവയുടെ വി പണനത്തിന് ഇപ്പോൾ പ്രശ്നങ്ങൾ ഇല്ല. പരിസ്ഥിതി പ്രശ്നം കാരണം പഴയതുപോലെ ഇപ്പോൾ തൊണ്ട് അഴുക്കി കയറാക്കാൻ കഴിയില്ല. എന്ന് കരുതി കയർ ഉത്പാദനം നിൽക്കാൻ പോകുന്നില്ല. പുതിയ തൊണ്ട് തല്ല് യന്ത്രങ്ങൾ വന്നതോടുകൂടി പച്ച തൊണ്ട് തല്ലി ചകിരിയാക്കാൻ ഇപ്പോൾ പ്രയാസമില്ല. പച്ച തൊണ്ടിന്റെ ചകിരി ഉപയോഗിച്ച് കയർ പിരിക്കാൻ കഴിയും.

കടകംപള്ളി സംഘത്തിന് സ്ഥലം ലഭ്യമാക്കാൻ കയർ വകുപ്പിന്റെ സെക്രട്ടറി കൂടിയായ പത്മകുമാർ ഐ.എ.എസിന്റെ സഹായം ലഭിച്ചത് വലിയ കാര്യ മാണ്. ഈ സ്ഥലത്ത് ഓഫീസ് കെട്ടിടവും ഫാക്ട റിയും മറ്റനുബന്ധ കെട്ടിടങ്ങളും നിർമ്മിക്കുന്ന തോടുകൂടി സംഘത്തിന് നല്ല നിലയിൽ പ്രവർത്തി ക്കുവാൻ കഴിയും. അതുപോലെ പുതിയ സാങ്കേതിക വിദ്യയുടെ ഫലമായി വികസിപ്പിച്ചെടുത്ത യന്ത്രങ്ങൾ സ്ഥാപിച്ച് ഒരു ഫാക്ടറി ടൈപ്പായി ഇത് മാറിയാൽ സംഘത്തിന് മികച്ച നിലയിൽ പ്രവർത്തിക്കാൻ കഴി യുന്നതാണെന്നും ആനത്തലവട്ടം ആനന്ദൻ പറഞ്ഞു. സ്തീതൊഴിലാളികൾക്കും കൂടി കുടുംബത്തിൽ ഒരു വരുമാനമായാൽ അത് നമ്മുടെ നാട്ടിൽ പട്ടിണി മാറ്റാൻ സഹായകരമാകുമെന്നും സ്ത്രീ തൊഴിലാളി കൾക്ക് കൂടി തൊഴിൽ നൽകുന്ന സംരംഭമാണ് കടകം പള്ളി സംഘത്തിൽ ആരംഭിക്കുന്നത്. ഇത് കടകം പള്ളി നിവാസികൾക്കുള്ള സർക്കാരിന്റെ പുതുവർഷ സമ്മാനമാണെന്നും അദ്ദേഹം പറഞ്ഞു.

ഒരുകാലത്ത് 10 ലക്ഷം തൊഴിലാളികൾ പണിയെടു ത്തിരുന്ന വ്യവസായമാണ് കയർ. വ്യവസായം തകർച്ച യിലേക്ക് പോയതിന്റെ ഫലമായി ഇന്ന് അത് 4 ലക്ഷ ത്തിനു താഴേക്ക് ചുരുങ്ങി. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരമ്പരാഗത കയർ വ്യവസായത്തെ ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഫല മായി ഇന്ന് കയർ വ്യവസായം പുരോഗതി പ്രാപിച്ചി രിക്കുന്നു. തൊണ്ടു തല്ലുവാനും കയർ പിരിക്കുവാനും മുന്നിൽ നിന്നത് പഴയ തലമുറയാണ്. ഇതിനെല്ലാം പ്രത്യേക വിഭാഗങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് വിദ്യാസമ്പന്നരായവർ പഴയ തലമുറയെപോലെ ഈ രംഗത്തേക്കു വരുവാൻ തയ്യാറാകുകയില്ല. എല്ലാവർ ക്കും സർക്കാർ ജോലി വേണം എന്നതാണ് ആഗ്രഹം.

എല്ലാവർക്കും സർക്കാർ ജോലി നൽകുവാൻ ഒരു സർക്കാരിനും കഴിയില്ല. കാരണം സർക്കാരിൽ ആ വശ്യമുള്ള ജീവനക്കാരുടെ ആകെ എണ്ണം നമ്മുടെ ജനസംഖ്യയുടെ കേവലം രണ്ടു ശതമാനം മാത്ര മാണ്. ഈ സർക്കാർ പരമാവധി നിയമനങ്ങൾ നടത്തി യിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചു. ഇതു മനസ്സലാക്കി മറ്റു വരുമാനമുള്ള ജോ ലികൾ ചെയ്യുവാൻ നാം തയാറാകണം. വ്യവസായ രംഗത്ത് കൂടുതൽ തൊഴിൽ സൃഷ്ടിക്കപ്പെടുമ്പോൾ കൂടുതൽ സമ്പത്തും കൂടിയാണ് ഉത്പാദിപ്പിക്കപ്പെ ടുന്നത്. പുതിയപുതിയ തൊഴിൽ മേഖലകളിലേക്ക് പുതുതലമുറ കൂടുതലായി കടന്നു വരണം. ഇങ്ങനെ സമസ്ത മേഖലകളിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികളാണ് സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. ഇതുമൂലം തൊഴിലവസരങ്ങളും സമ്പത്തും സൃഷ്ടി ക്കപ്പെടുകയും അതുവഴി കേരളം വികസിക്കുകയു മാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള ഒരു നടപടിയാണ് കയർ മേഖലയിലും സർക്കാർ നടപ്പിലാക്കിക്കൊണ്ടിരി ക്കുന്നതെന്ന് ആനത്തലവട്ടം ആനന്ദൻ പറഞ്ഞു.




*കയർ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായിരുന്ന എൻ. പത്മകുമാർ ഐ.എ.എസ് കടകംപള്ളി കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘത്തിന്റെ കെട്ടിട നിർമ്മാണ ശിലാസ്ഥാപന ചടങ്ങിൽ സംസാരിക്കുന്നു. സംസ്ഥാന സഹകരണ ടൂറിസം ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ, കയർഫെഡ് ചെയർമാൻ അഡ്വ. എൻ.സായികുമാർ തുടങ്ങിയവർ സമീപം.*

## സ്ഥലം അനുവദിപ്പിച്ച് നൽകാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യം: എൻ.പത്മകുമാർ ഐ.എ.എസ്.

കടകംപള്ളി കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സഹകരണ സംഘത്തിന് സ്ഥലം അനുവദിച്ചു നൽകുന്നതിന് ഭാഗഭാക്കാവാൻ കഴിഞ്ഞതിൽ അതിയായ ചാരിതാർത്ഥ്യമുണ്ടെന്ന് കയർ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി എൻ.പത്മകുമാർ ഐ.എ.എസ് പറഞ്ഞു. കടകംപള്ളി സംഘത്തിന്റെ കെട്ടിടനിർമ്മാണത്തിനുള്ള ശിലാസ്ഥാപന ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഒരിക്കലും നടക്കില്ലെന്ന് കരുതിയ കാര്യമാണ് ഇവിടെ സാക്ഷാത്ക്കരിക്കപ്പെട്ടിരിക്കുന്നത്. കയർമേഖലയിൽ സെക്രട്ടറിയായും വകുപ്പ് മേധാവിയായും പ്രവർത്തിച്ചപ്പോൾ ചിറയിൻകീഴ് പ്രോജക്ടിൽ നിന്നും എന്ത് പദ്ധതി നിർദ്ദേശം സർക്കാരിൽ എത്തിയാലും അതെല്ലാം അംഗീകരിച്ചു നൽകുന്നതിൽ പ്രത്യേകം താത്പര്യമെടുത്തിട്ടുണ്ട്. കയർ മേഖലയിൽ വളരെ പിന്നാക്കം നിൽക്കുന്ന ഒരുപ്രോജക്ട് എന്ന നിലയിൽ ചിറയിൻകീഴ് പ്രത്യേക പരിഗണന അർഹിക്കുന്നു. വളരെയധികം കടമ്പകൾ കടന്നാണ് ഈ സ്ഥലം സംഘത്തിന് അനുവദിപ്പിക്കുവാൻ കഴിഞ്ഞതെന്ന് അദ്ദേഹം പറഞ്ഞു. ഈ സ്ഥലം അനുവദിച്ചു കിട്ടുന്നതിൽ മന്ത്രി കടകംപള്ളി സുരേന്ദ്രന്റെ ഇടപെടലുകളും സഹായങ്ങളും വളരെയധികം സഹായിച്ചിട്ടുണ്ട്. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയായിരുന്ന സാജുവിന്റെ സഹായവും പ്രത്യേകം സ്മരണീയമാണ്. ഈ സ്ഥലത്ത് കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ നൽകുവാനുള്ള ഒരു മഹത്തായ സംരംഭമായി ഇത് മാറട്ടെയെന്നും അദ്ദേഹം ആശംസിച്ചു.

യോഗത്തിൽ കയർഫെഡ് ചെയർമാൻ അഡ്വ. എൻ.സായികുമാർ, കയർ വികസന ഡയറക്ടറുടെ ചുമതല വഹിക്കുന്ന കെ.എസ്.പ്രദീപ് കുമാർ, പ്രോജക്ട് ഓഫീസർ ബി.ശ്രീകുമാർ, കൗൺസിലർമാരായ അജിത്ത്കുമാർ, ഗോപകുമാർ, സി.എസ്.മോഹനൻ, കരിക്കകം രാജൻ, യു.പ്രവീൺ, കരിക്കകം ശ്യാം തുടങ്ങിയവർ സംസാരിച്ചു. സംഘം പ്രസിഡന്റ് ശ്രീരംഗൻ സ്വാഗതവും സംഘം സെക്രട്ടറി രമണി നന്ദിയും പറഞ്ഞു.



*അപ്പക്സ് ബോഡി ഫോർ കയർ, മീറ്റിംഗ് വൈസ് ചെയർമാൻ ആനത്തലവട്ടം ആനന്ദന്റെ അധ്യക്ഷതയിൽ ചേരുന്നു. കയർഫെഡ് ചെയർമാൻ അഡ്വ. എൻ. സായികമാർ, കയർ വികസന ഡയറക്ടറുടെ ചുമതല വഹിക്കുന്ന കെ.എസ്. പ്രദീപ്കുമാർ, എ.ബി.സി അംഗങ്ങൾ എന്നിവർ സമീപം.*

(ആവേശമായി കയർ ഭൂവസ്ത്ര..... പേജ് 17ൽ നിന്നും തുടർച്ച)



*വൈക്കത്ത് നടന്ന കയർ ഭൂവസ്ത്ര സെമിനാറിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മി ഉദ്ഘാടനം ചെയ്യുന്നു*

# വൈക്കത്തും ആദ്യഘട്ട ധാരണാപത്രം ഒപ്പിട്ടു

**വൈ**ക്കം കയർ പ്രോജക്ടിനു കീഴിലെ കോട്ടയം ജില്ലയിൽ ആദ്യ ഘട്ട കയർ ഭൂവസ്ത്ര സെമിനാർ 31 പഞ്ചായത്തുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് മാഞ്ഞൂർ ഗ്രാമ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർ ഷിനോ പി.എസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർമ്മലാ ജിമ്മി ഉദ്ഘാടനം ചെയ്തു.

# കയർഫെഡ് വാർഷിക പൊതുയോഗം ഫെബ്രുവരി 21 ന് ആലപ്പുഴയിൽ

**കേ**രള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കയർ മാർക്കറ്റിംഗ് ഫെഡറേഷൻ ക്ലിപ്തം നമ്പർ 679 (കയർഫെഡ്) 28-ാമത് വാർഷിക പൊതുയോഗം 2021 ഫെബ്രുവരി 21ന് ആലപ്പുഴയിൽ വച്ച് നടക്കും. കയർഫെഡ് പ്രസിഡന്റ് അഡ്വ. എൻ. സായികുമാറിന്റെ അധ്യക്ഷതയിൽ കയർഫെഡ് ആലപ്പുഴ റീജിയണൽ ഓഫീസ് അങ്കണത്തിൽ പകൽ 11ന് ചേരുന്ന പൊതുയോഗത്തിൽ അംഗസംഘങ്ങളുടെ പ്രതിനിധികൾ പങ്കെടുക്കണമെന്ന് കയർഫെഡ് ഭരണസമിതിക്കു വേണ്ടി മാനേജിംഗ് ഡയറക്ടർ അറിയിച്ചു.

● പൊതുയോഗത്തിൽ പരിഗണിക്കേണ്ട ചോദ്യങ്ങളും പ്രമേയങ്ങളും 19-02-2021 വൈകിട്ട് 5ന് മുമ്പായി കയർഫെഡിന്റെ ആലപ്പുഴ ഹെഡ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

● പ്രാഥമിക സംഘത്തിന്റെ ബൈലോ അനുസരിച്ച് ഫെഡറേഷനിലേക്കുള്ള പ്രതിനിധിയെ തെരഞ്ഞെടുത്ത യോഗതീരുമാനത്തിന്റെ പകർപ്പ് പ്രസിഡന്റും സെക്രട്ടറിയും ഒരു കമ്മറ്റിയംഗവും കൂടി സാക്ഷ്യപ്പെടുത്തി. 19-02-2021ന് മുമ്പായി ഫെഡറേഷന്റെ ഹെഡ് ഓഫീസിൽ കിടത്തക്കവിധം അയയ്ക്കണം. അതിന്റെ ഒരു കോപ്പി പ്രതിനിധിയുടെ ഫോട്ടോ പതിച്ച് സംഘം നൽകിയ ഐഡന്റിറ്റി കാർഡും പൊതുയോഗത്തിന് ഹാജരാകുമ്പോൾ പ്രതിനിധികൾ കൊണ്ടുവരേണ്ടതാണ്.

## കാര്യപരിപാടി

1. നോട്ടീസ്
2. അനുശോചനം
3. സ്വാഗതം
4. ഉപക്രമം
5. ചോദ്യോത്തരങ്ങളും പ്രമേയങ്ങളും
6. 2018-19, 2019-20 വർഷങ്ങളിലെ പ്രവർത്തന റിപ്പോർട്ടും കണക്കും
7. 2016-17 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റും ന്യൂനതാപരിഹാര റിപ്പോർട്ടും.
8. 2020-2021, 2021-2022 വർഷത്തെ ബജറ്റ്.
9. അനുവാദ പ്രമേയങ്ങൾ
10. പഴകിയതും ഉപയോഗ ശൂന്യവുമായ ഉത്പന്നങ്ങൾ ടെണ്ടർ-കം ലേലം വ്യവസ്ഥയിലോ മറ്റേതെങ്കിലും മാർഗത്തിലോ വിറ്റ് തീർക്കുന്നതിനുള്ള അനുവാദം.
11. വിൽപന യോഗ്യമല്ലാത്തതും, പൂർണമായും നശിച്ചതുമായ കയറുത്പന്നങ്ങൾ, സാധനസാമഗ്രികൾ എന്നിവ സ്റ്റോക്കിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അനുവാദം.
12. പ്രസിഡന്റ് അനുവദിക്കുന്ന മറ്റ് കാര്യങ്ങൾ
13. കൃതജ്ഞത.

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - കയർ വികസനം - 2020-21-ലെ സംസ്ഥാന ബഡ്ജറ്റിൽ കയർ മേഖലയ്ക്കായി പ്രഖ്യാപിച്ച കടാശ്വാസ പദ്ധതി - തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**വ്യവസായ (ഇ) വകുപ്പ്**

**സ.ഉ.(കൈ) നം.30/2021/വ്യവ.** തീയതി,തിരുവനന്തപുരം, 09/02/2021

---

പരാമർശം:- 1) സ.ഉ.(കൈ) നം.11/2021/വ്യവ തീയതി 15.01.2021
2) സ.ഉ.(ആർ.ടി) നം.963/2021/ഫിൻ തീയതി 3/2/2021

**ഉത്തരവ്**

കയർ സഹകരണ സംഘങ്ങളുടെ ക്യാഷ് ക്രഡിറ്റ് വായ്പാ കുടിശ്ശികകൾ, ഇ.പി.എഫ്/ ഇ.എസ്.ഐ അടവുകൾ, തൊഴിലാളികൾക്കുള്ള ഗ്രാറ്റുവിറ്റി, വൈദ്യുതി-വെള്ള കരം കുടിശ്ശികകൾ എന്നിവ തീർപ്പാക്കുന്നതിൽ പ്രതിസന്ധി നേരിട്ട കയർ സഹകരണ സംഘങ്ങൾക്കും, കയർ ബോർഡ് മുഖേന നടപ്പിലാക്കിയിരുന്ന റിമോട്ട് സ്കീമിൽ എടുത്ത ബാങ്ക് വായ്പ തിരിച്ചടക്കാനാകാതെ ജപ്തി നടപടികൾ നേരിടേണ്ടിവന്ന കയർ തൊഴിലാളികളായ ചെറുകിട യൂണിറ്റ് ഉടമകൾക്കും ആശ്വാസം നൽകിക്കൊണ്ട് കയർ മേഖലയ്ക്കായുള്ള കടാശ്വാസ പദ്ധതി 2020-21-ലെ സംസ്ഥാന ബഡ്ജറ്റിൽ സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി.പരാമർശം ഒന്നിലെ ഉത്തരവ് പ്രകാരം 2020-21 - ലെ ബഡ്ജറ്റിൽ കയർ മേഖലയ്ക്കായി പ്രഖ്യാപിച്ച കടാശ്വാസ പദ്ധതിയ്ക്ക് 2851-00-106-26 ശീർഷകത്തിൻ കീഴിൽ ഇരുപത്തി അഞ്ച് കോടി രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.പരാമർശം രണ്ടിലെ ഉത്തരവുപ്രകാരം 2851-00-106-26 ശീർഷകത്തിൻ കീഴിൽ 19 കോടി രൂപയുടെ (പത്തൊൻപത് കോടി രൂപ) അധികധനാനുമതി അനുവദിച്ചിട്ടുണ്ട്.

2) മേൽ സാഹചര്യത്തിൽ കയർ മേഖലയ്ക്കായി പ്രഖ്യാപിച്ച കടാശ്വാസ പദ്ധതിയ്ക്ക്, ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി, 2851-00-106-26 (പി) ശീർഷകത്തിൻ കീഴിൽ 19 കോടി (പത്തൊൻപത് കോടി രൂപ) രൂപയുടെ ധനാനുമതി നൽകിയും തുക പിൻവലിച്ച് വിനിയോഗിക്കുന്നതിന് കയർ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതിയും നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1.16.04.2018-ലെ ജി.ഒ(പി) നം.62/2018/ഫിൻ അനുസരിച്ച് ഫണ്ട് PSTSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.

2.അനുവദിക്കപ്പെട്ട പദ്ധതിയ്ക്ക് മാത്രം ഫണ്ട് വിനിയോഗിക്കേണ്ടതും മറ്റ് ആവശ്യങ്ങൾക്കായി വക മാറ്റുവാൻ പടില്ലാത്തതുമാണ്.

3.സർക്കുലർ നം.84/2008/ഫിൻ തീയതി 09.12.2008, സർക്കുലർ നം.75/09/ഫിൻ തീയതി 29.08.2009, സർക്കുലർ നം.8/2018/ഫിൻ തീയതി 30.01.2018, സർക്കുലർ നം.53/2018/ഫിൻ തീയതി 16.06.2018 എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

4.മേലിൽ ഫണ്ട് അനുവദിക്കുന്നതിനായി, മുൻപ് അനുവദിച്ചിട്ടുള്ളതും ഇപ്പോൾ അനുവദിക്കുന്നതുമായ ഫണ്ടുകളുടെ വിനിയോഗസർട്ടിഫിക്കറ്റ്/ചിലവ് വിശദാംശങ്ങൾ 09.01.2020-ലെ സ.ഉ.(കൈ) നം.4/2020/ഫിൻ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിശ്വനാഥ് സിൻഹ**
**പ്രിൻസിപ്പൽ സെക്രട്ടറി**

Coirfed

പാരമ്പര്യത്തിന്റെ കൃത്യതയും പ്രകൃതിയുടെ
സൗഭാഗ്യവും ചേർന്ന കയർഫെഡ് ഉൽപ്പന്നങ്ങൾ








മെത്തകൾ | കയർ മാറ്റ് | കയർ മാറ്റിംഗ്സ് | കയർ ടൈൽസ് | കൊക്കോഫെർട്ട് | കൊക്കോപിത്ത് ബ്രിക്കറ്റ് | ജിയോ ടെക്സ്റ്റൈൽസ്

THE KERALA STATE CO-OPERATIVE COIR MARKETING FERDERATION Ltd. No.679, P.B.No.4616, Alappuzha, Kerala, India
Website: www.coirfed.com, www.coirfed.kerala.gov.in, Email: coirfedho@gmail.com, mdcoirfed2gmail.com
Tel: 0477 2243627, 2243628, 2243629, 2244109(D)

RNI.68938/98, Reg.No.KL/ALP/150/98, Date of Publication 31-01-2021, January 2021




Printed and published by Adv. N. Saikumar, President for and on behalf of The Kerala State Co-operative Coir Marketing Federation Ltd. No. 679 (Coirfed), P.B.No. 4616, Alappuzha-688012, Ph: 0477 2243628.
Printed at Alleppey Offset Printers, Thathampally P.O, Alappuzha, Ph: 0477 2234705